# THE SUNDAY SCHOOL

Vol. 4 • No. 4 • October - December 2018



*രക്ഷാധികാരി*

**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*

**ഫാ. ഡോ. ജേക്കബ് കുര്യൻ**

*പബ്ലീഷർ*

**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

*മാനേജിംഗ് എഡിറ്റർ*

**പ്രൊഫ. കെ. വി. ജോർജ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*

**ജോസഫ് അലക്സാണ്ടർ**

*എഡിറ്റോറിയൽ ബോർഡ്*

**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ. കെ.**
**ഡോ. ഐപ്പ് വറുഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**



*കേന്ദ്ര ഓഫീസ്*

**ദേവലോകം**
**കോട്ടയം-686 004**
**✆ 0481 2572890**
thesundayschoolossae@gmail.com



**An OSSAE Publication**

Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com


## താളുകൾ മറിക്കുമ്പോൾ


- എഡിറ്റോറിയൽ
  **ഫാ. ഡോ. ജേക്കബ് കുര്യൻ**
- ആദ്ധ്യക്ഷം
  **ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
- സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന് ഒരു താത്വികാടിസ്ഥാനം
  **ഫാ. ഡോ. ഒ. തോമസ്**
- നോഹയുടെ പെട്ടകം
  **ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ**
- എന്റെ സൺഡേസ്കൂൾ സ്മരണകൾ
  **അഡ്വ. ബിജു ഉമ്മൻ**
- ക്ലാസ് 9 യൂണിറ്റ് – 1 പാഠം 2
  ചെറിയ പ്രവാചകന്മാർ
  **ഫാ. ഏലിയാസ് കെ. വി.**
- ദാനിയേലിനുണ്ടായ ദർശനവും വെളിപ്പാടിൽ യോഹന്നാനുണ്ടായ ദർശനവും ഒരു താരതമ്യ പഠനം
  **പ്രൊഫ. ടി.എം. മാത്യു, തൈക്കടവിൽ**
- The Sunday School Movement : Blooming or Withering ?
  **Prof. Jacob Kurian Onattu**
- നിയോഗങ്ങളുടെ കയ്യൊപ്പുകൾ
  **ഡോ. സൂസൻ ജോർജ്**
- സൺഡേസ്കൂൾ അദ്ധ്യാപകർ സ്വയപരിശോധന നടത്തുക
  **എം. വി. വറുഗീസ്, മുണ്ടശ്ശേരി** (Late)
- Question Bank
- സൺഡേസ്കൂൾ വാർത്തകൾ
- പിന്നാമ്പുറം



എഡിറ്റോറിയൽ

ഒരിക്കൽക്കൂടി ക്രിസ്തുമസും പുതുവത്സരവും സമാഗതമായിരിക്കുന്നു. 2017-ലെ ക്രിസ്തുമസ്സിലും 2018-ലെ പുതുവത്സരത്തിലും നാം ആശംസിച്ചതും പ്രാർത്ഥിച്ചതും ശുഭകരമായ ഒരു ഭാവിയായിരുന്നു. പക്ഷെ പലർക്കും 2018-ലെ ജലപ്രളയവും അതിനു മുമ്പും പിമ്പും കണ്ടതും കേട്ടതുമായി പല സംഗതികളും, ഒരു വല്ലാത്ത അരക്ഷിതാവസ്ഥയും അങ്കലാപ്പും ഉണ്ടാക്കിയിരിക്കുകയാണ്. വെളിപ്പാടു പുസ്തകത്തിൽ പറയുന്നതുപോലെ, സാത്താനെ അഴിച്ചുവിട്ട ഒരു പ്രതീതി! ഇതിനിടയിൽ ക്രിസ്തുമസ് അവസരത്തിൽ ആവർത്തിച്ച് ഓർമ്മിക്കാറുള്ള 'ഭയപ്പെടേണ്ട' എന്ന സ്വർഗ്ഗീയ വാക്കുകൾക്ക് വല്ല പ്രസക്തിയുണ്ടോ? പ്രസക്തിയുണ്ടെന്ന് പറയുവാൻവേണ്ടി പറയുന്നതും, ഉൾബോധ്യത്തോടെ പറയുന്നതും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാനുള്ള നിരവധി അവസരങ്ങൾ ഇനിയും ക്രിസ്തുമസ് പുതുവത്സരകാലത്ത് ഉണ്ടാകുവാൻ പോവുകയാണ്.

യഥാർത്ഥത്തിൽ യേശുതമ്പുരാൻ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ കൂടുതൽ വല്ലതും സംഭവിച്ചോ? ഇനിയും സംഭവിക്കുമോ? വി. മത്തായിയുടെ സുവിശേഷം 24, 25 അദ്ധ്യായങ്ങളും, വി. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായവും, വി. ലൂക്കോസിന്റെ സുവിശേഷം 21-ാം അദ്ധ്യായവും, വി. യോഹന്നാന്റെ സുവിശേഷം 15, 16 അദ്ധ്യായങ്ങളും സൂചിപ്പിക്കുന്ന സംഗതികൾ നടക്കുന്നുവെന്ന് തോന്നുന്നുവെങ്കിൽ അവിടെത്തന്നെ നാലു സംഗതികൾ എടുത്തുപറഞ്ഞിട്ടുള്ളത് ഗൗരവതരമായിട്ടെടുക്കണം.

1. "എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്ക് തൽസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിനു അവരുടെമേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തുകാണുന്ന ദാസൻ ഭാഗ്യവാൻ" (മത്തായി 24:45-46).

2. "ഉണർന്നിരിപ്പിൻ" (മർക്കോസ് 13:37)

3. "സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (ലൂക്കോസ് 21:36).

4. "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹന്നാൻ 16:33).

ഏല്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ വിശ്വസ്തമായി ചെയ്തുകൊണ്ടും പരീക്ഷകൾക്കുമുമ്പിൽ പതറാതെ ഉണർന്നിരുന്നും, പ്രാർത്ഥനാശീലം കൈവിടാതെയും, തമ്പുരാൻ കൂടെയുണ്ടെന്ന് വിശ്വസിച്ചും ജീവിക്കുവാൻ "ദൈവം നമ്മോടുകൂടെ" എന്ന 'ഇമ്മാനുവേൽ' സാന്നിധ്യം എല്ലാവരെയും ശക്തീകരിക്കട്ടെ.

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊണ്ട്,

**ജേക്കബ് കുര്യനച്ചൻ**

ഡയറക്ടർ ജനറൽ

ആദ്ധ്യക്ഷ്യം



# ചിത്രവും ചിത്രരചനയും ഓർത്തഡോക്സ് പാരമ്പര്യത്തിൽ

**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്**
**മെത്രാപ്പോലീത്ത**

**ആമുഖം**

ഒട്ടേറെ സാധ്യതകളോടെ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നു. ദൈവാനുഭവമാണ് ഇവയിൽ ശ്രേഷ്ഠം. ഇതു സാക്ഷാത്ക്കരിക്കാൻ ആവശ്യമായ സാധനകളും പരിശീലനങ്ങളും വിവിധ അനുഷ്ഠാനങ്ങളിലൂടെ സഭ ഒരുക്കിയിട്ടുണ്ട്. നമ്മുടെ സ്വഭാവവും ആളത്വം തന്നെയും ദൈവഹിതാനുസരണം പരുവപ്പെടുത്തിയെടുക്കാൻ, ദൈവാഭിമുഖമായി ഇളംതലമുറ വളർന്നു വരാൻ അവ സഹായിക്കും.

**1. ഭൗതീകത്തിലെ ദൈവീകത**

ദൈവം സർവ്വാതീതനാണ്. ഈ വസ്തുപ്രപഞ്ചത്തിൽ ദൈവത്തെ ഒതുക്കാനാവില്ല. അതേ സമയം ഈ ശരീരത്തിൽ ദൈവം വസിക്കുന്നു. സർവ്വാതിരിക്തനായ ദൈവത്തെ ഈ ശരീരത്തിൽ ആയിരിക്കവേ തന്നെ നാം അറിയുന്നു. ദൈവത്തിന്റെ മന്ദിരമാണ് ഈ ശരീരം. "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കൊരി. 3-16) എന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ ചോദിക്കുന്നു. അങ്ങനെ ഈ ശരീരം ദേവാലയമാവുന്നു. അതേപോലെ തന്നെ കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ ആലയത്തിൽ ദൈവം വസിക്കുന്നു. അതുകൊണ്ട് അതിനേയും ദേവാലയം എന്നു വിളിക്കുന്നു. മൂറോനഭിഷേകം രണ്ടു സന്ദർഭങ്ങളിലെ ഉള്ളു. ഒന്ന്, സ്നാനത്തിനും, രണ്ട്, ദേവാലയ കൂദാശയ്ക്കും. സ്നാനാർത്ഥി ദൈവമന്ദിരമായി, ദൈവാലയമായി അഭിഷിക്തനാവുന്നു. പള്ളിയും ദൈവാലയമായി അഭിഷേകം ചെയ്യപ്പെടുന്നു. സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അടങ്ങാത്തവൻ കൈപ്പണിയായ ആലയത്തിൽ അടങ്ങിയിരിക്കുന്നു (2 രാജാ. 8:27 = അപ്പോ. 7: 47-50). മണ്ണുകൊണ്ടു മനഞ്ഞുണ്ടാക്കിയ ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യനിലും ദൈവം വസിക്കുന്നു. ഇതിന്റെ പുനർജ്ജനിയാവുന്നു (വീണ്ടും ജനനം) സ്നാനം. ഭൗതീകത്തിൽ തെളിയുന്ന ദൈവീകത എന്ന് ഈ പ്രതിഭാസത്തെ വിളിക്കാം.

**2. തലച്ചോറിൽ ദൈവത്തിന്റെ കോണ്**

സർവ്വാതീതനായ ദൈവത്തെ ഈ ശരീരത്തിൽ നിലനിന്നുകൊണ്ട് നാം എങ്ങനെ തിരിച്ചറിയും; അതിനെന്തെങ്കിലും സംവിധാനം മനുഷ്യസൃഷ്ടിയിൽത്തന്നെ, ഈ ഭൗതീക ശരീരത്തിൽത്തന്നെ, ജന്മനാതന്നെ നൽകിയിട്ടുണ്ടോ? അറിവ് തിരിച്ചറിവായിത്തീരുന്ന പ്രക്രിയയുടെ കേന്ദ്രം തലച്ചോറാണെന്ന് പറയാം. തലച്ചോറിലെ കോശങ്ങളും (neurons) വിരൽത്തുമ്പിലെ ജീവകോശങ്ങളും (cells) തമ്മിലുള്ള പാരസ്പര്യവും പൂരണവും പരിഗണിക്കുമ്പോൾ ഒന്നിനെ മറ്റൊന്നിൽനിന്ന് അടർത്തിയെടുത്തു ചിന്തിക്കാനാവുന്നില്ല. എങ്കിലും ശരീരഘടനയുടെ വിശകലനം ഒഴിവാക്കാനാവുന്നില്ലല്ലോ. മനുഷ്യന്റെ തലച്ചോറിൽ 78 ബില്യൻ ന്യൂറോണുകളു(കോശങ്ങൾ)ണ്ട്. അവയിൽ ദൈവബോധത്തിന് ഉത്തരവാദിയായ കോശങ്ങൾ (neurons) മനുഷ്യന്റെ തലച്ചോറിലുണ്ടോ? ഇല്ലെങ്കിൽ പിന്നെ മനുഷ്യോൽപ്പത്തിയിൽ തന്നെ കാണുന്ന ദൈവാഭിമുഖ്യവും ദൈവദാഹവും എങ്ങനെ വിശദീകരിക്കാനാവും? ഭൗതീകതയും ലോകായതികതയും (materialism & worldliness) മുറ്റിനിൽക്കുന്ന ഇക്കാലത്തും മനുഷ്യനിൽക്കാണുന്ന ദൈവോന്മുഖതയുടെ അടിസ്ഥാനം എന്താണ്? കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ

മനഃശാസ്ത്രവിഭാഗം (Department of Behavioural Science) ഈ ചോദ്യത്തിനുത്തരം കണ്ടെത്താൻ ശ്രമിച്ചു. പരീക്ഷണശാലയിൽ തലച്ചോറിന്റെ പ്രവർത്തനം വിശദമായി അവർ പഠിച്ചു. അവരുടെ അന്വേഷണം ഒരു കണ്ടെത്തലിൽ എത്തിനിന്നു. ദൈവാനുഭവത്തിന് ഉത്തരവാദിയായി ഒരു കൂട്ടം കോശങ്ങൾ മനുഷ്യന്റെ തലച്ചോറിലുണ്ട്. അവർ ആ ഭാഗത്തിന് God's pole എന്നു വിളിച്ചു. മനുഷ്യന്റെ ജനിതക ഘടനയിൽത്തന്നെ ദൈവാവബോധനത്തിന് ഒരിടമുണ്ട് എന്നതാണ് സത്യം.

### 3. വാക്കത്തി മൂർച്ചവരുത്തൂ


എല്ലാവരിലും ദൈവാനുഭവത്തിന് സാധ്യതയുണ്ടെങ്കിൽ ദൈവബോധമില്ലായ്മയും, ദൈവനിരാസവും ഒക്കെ എന്തുകൊണ്ടുണ്ടാകുന്നു? വാക്കത്തി ഉപയോഗിക്കാതെയും മൂർച്ചവരുത്താതെയുമിരുന്നാൽ തുരുമ്പെടുത്തു ഉപയോഗശൂന്യമായിപ്പോകും. പഠിക്കുന്നതിനാവശ്യമായ ബുദ്ധിശക്തി കുട്ടിക്കുണ്ട്. പരിശ്രമമില്ലെങ്കിലോ? മഠയനായിപ്പോകും. സാധ്യതകൾ സിദ്ധമാവുന്ന(സിദ്ധിയാവുന്ന)തും സാധനകൾ കൊണ്ടാകുന്നു. കുട്ടികളുടെ ആളത്വവികസനം സമഗ്രവും സമ്പൂർണ്ണവുമാവണം. ഇക്കാര്യത്തിൽ മാതാപിതാക്കളുടേയും അധ്യാപകരുടേയും ആചാര്യരുടേയും പങ്ക് വലുതാണ്. ഏറിയ പങ്കും മാതാപിതാക്കൾ കുട്ടികളുടെ ശാരീരികവും ബുദ്ധിപരവുമായ വികാസത്തിൽ ശ്രദ്ധയൂന്നുന്നു. കുട്ടികളുടെ വയറും തലച്ചോറുമേ അവർ കാണുന്നുള്ളു. കുട്ടികളിലെ ആത്മാവിനെ അവർ കാണുന്നില്ല, പരിഗണിക്കുന്നില്ല. ഇക്കാരണത്താൽ അവരുടെ വ്യക്തിത്വവികാസം പൂർണ്ണതയിലെത്തുന്നില്ല. ശാരീരിക വൈകല്യം, ബുദ്ധിവൈകല്യം എന്നിവപോലെ തന്നെ ആധ്യാത്മിക വൈകല്യവുമുണ്ട് എന്ന് തിരിച്ചറിയണം. ആധ്യാത്മിക വൈകല്യം ഗൗരവമായി കാണേണ്ട വികലത തന്നെയാണ്. ഭക്ഷണവും, പഠനവും കുട്ടികളുടെ മൗലീകാവകാശമാണ്. ഇതുപോലെ തന്നെ ആധ്യാത്മികമായി വളരാനുള്ള സാഹചര്യവും അവരുടെ മൗലീകാവകാശമായിക്കാണണം. അതവർക്കു നൽകാനുള്ള ചുറ്റുവട്ടമൊരുക്കാൻ മാതാപിതാക്കൾക്കും സഭയ്ക്കും ബാധ്യതയുണ്ട്.

### 4. ശീലവും പരിശീലനവും

ഈയിടെ ഒരു ആധ്യാത്മിക സംഗമത്തെക്കുറിച്ചു കേട്ടു. അതിൽ പങ്കെടുത്ത ആളിൽനിന്ന് നേരിട്ടു കേട്ടത് സന്തോഷവും കൗതുകവും ഉണർത്തുന്നതായിരുന്നു. ***ശീലം*** എന്നാണ് സംഗമത്തിന് നൽകിയിരിക്കുന്ന പേര്. ആവർത്തിച്ച് ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും ശീലം. ശീലം ആവർത്തിച്ചാൽ സ്വഭാവം; സ്വഭാവമുറയ്ക്കുന്നത് ആളത്വം. പരിശീലനം എന്നാൽ പ്രകർഷേണയുള്ള ശീലനം. നല്ല ശീലങ്ങൾ ഉറയ്ക്കാനുള്ള ഉപായമാണ് പരിശീലനം. നിഷ്ഠയോടെ ചെയ്യുന്ന എല്ലാ പരിശീലനത്തേയും അനുഷ്ഠാനം എന്നു വിളിക്കാം. പുലർച്ചെ എഴുന്നേറ്റു ദേഹശുദ്ധിവരുത്തുന്നതും പ്രാർത്ഥിക്കുന്നതും തുടങ്ങി എല്ലാം അനുഷ്ഠാനമാവുന്നു. ദുശ്ശീലങ്ങൾ ഉറച്ചുപോയാൽ മാറ്റിയെടുക്കുക ദുഷ്ക്കരം. എങ്കിലും മാറ്റിയെടുക്കണമല്ലോ; എന്തുചെയ്യും? ഒരു നല്ല ശീലം 20 ദിവസം ആവർത്തിക്കൂ. ദുശ്ശീലം ഒഴിഞ്ഞു പൊയ്ക്കൊള്ളും. ഇത്രയും ദിവസം കൊണ്ട് അവ നമ്മുടെ നാഡീവ്യൂഹത്തിലൂടെ (nervous system) വേരുറയ്ക്കുന്നതിനുള്ള വഴി കണ്ടെത്തും. പൗരസ്ത്യ ആധ്യാത്മിക പാരമ്പര്യത്തിൽ 40 പ്രാവശ്യവും നാല്പതു ദിവസവും പ്രധാനമാണല്ലോ. അവ 20-ന്റെ ഗുണിതമാവുന്നു. ആധ്യാത്മികാനുഷ്ഠാനത്തിലുറയ്ക്കുമ്പോൾ ആന്തരം ശുദ്ധവും ശക്തവുമായിത്തീരുന്നു. ബാഹ്യലോകത്തെ വിജയത്തിന്റെ തുടക്കം അന്തരാത്മാവിന്റെ വിജയത്തിലാവുന്നു എന്നും ഓർക്കാം.

### ഉപസംഹാരം

ദൈവബോധം ഉണർത്താൻ കഴിയുന്ന തലച്ചോറിലെ ന്യൂറോൺസും ദൈവാനുഭവം ഉറപ്പിക്കാൻ കെല്പുള്ള നെർവ്സും ഇവ രണ്ടും കൂടിയുണ്ടാക്കുന്ന ആളത്വത്തിന്റെ സമഗ്രതയും പൂർണ്ണതയും, ശരീരശാസ്ത്രവും ആധ്യാത്മിക ശാസ്ത്രവും ചേർന്നുണ്ടാക്കുന്ന അനന്ത സാധ്യതകളും, തിരിച്ചറിയാനും അനുഭവിച്ചറിയാനും പ്രാപ്തിയുള്ള ആധ്യാത്മികാനുഷ്ഠാനത്തിലുറച്ച പുതുതലമുറയെ വാർത്തെടുക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാവാം.



# സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന് ഒരു താത്വികാടിസ്ഥാനം

ഫാ. ഡോ. ഒ. തോമസ്

**ഏ**തൊരു വിദ്യാഭ്യാസത്തിനും ഒരു താത്വി കാടിസ്ഥാനമുണ്ട്. ടെക്സ്റ്റു ബുക്കുകളെ അടി സ്ഥാനപ്പെടുത്തി പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരു പക്ഷേ അതു മനസ്സിലാക്കിയില്ലെന്നിരിക്കാം. എന്നാൽ അതുകൂടി മനസ്സിലാക്കിയെങ്കിലേ വിദ്യാഭ്യാസം അതിന്റെ പൂർണ്ണമായ അർത്ഥ ത്തിൽ നിർവഹിക്കാനാവുകയുള്ളൂ. സെക്കുലർ വിദ്യാഭ്യാസം ഒന്നുപരിശോധിക്കാം. ഇന്ന് കൊച്ചു ക്ലാസ്സു മുതൽ 'സ്മാർട്ട് ക്ലാസ്സ്' എന്ന ആശയം നടപ്പിലാക്കി വരികയാണ്. ആധുനീക സാങ്കേ തിക വിദ്യകളുടെ സഹായത്താൽ (കംപ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ) വിദ്യാഭ്യാസം കൊടു ക്കാനാണ് ശ്രമിക്കുന്നത്. ഇതിനും ഒരു പ്രത്യേക ലക്ഷ്യം ഉണ്ട്. അതായത് സാങ്കേതിക വിദ്യക ളുടെ പരിശീലനവും അറിവും ഉണ്ടെങ്കിലേ ഇനി തൊഴിൽ സമ്പാദിക്കാനാവുകയുള്ളൂ എന്നതി നാൽ തൊഴിൽ ലഭിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ഇപ്പോഴത്തെ സെക്കു ലർ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. കാലാകാലങ്ങളിൽ സംസ്ഥാനങ്ങളിലും, കേന്ദ്ര ത്തിലും അധികാരത്തിൽ വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യത്തിനും, പ്രത്യ യശാസ്ത്രത്തിനും ഇണങ്ങുന്ന വിധത്തിൽ വള രുന്ന തലമുറയുടെ മസ്തിഷ്ക പ്രക്ഷാളനം നട ത്താനുള്ള ശ്രമങ്ങളും ഊർജ്ജിതമായി നടത്തു ന്നുണ്ട്. ഗാന്ധിജിയേക്കാൾ രാജ്യസ്നേഹിയായി രുന്നത് നാഥുറാം ഗോഡ്സേയാണെന്ന പാഠ ങ്ങളും ഇനി ഭാവിയിൽ ഉണ്ടാകുകയില്ലെന്ന് പറ യാനാവുകയില്ല. ചുരുക്കത്തിൽ പാഠപുസ്തക ത്തിൽ വിവരിക്കപ്പെടുന്നതിന്റെ പുറകിൽ ചില മറഞ്ഞു കിടക്കുന്ന ലക്ഷ്യങ്ങൾ ഉണ്ടെന്ന് വിദ്യാ ഭ്യാസത്തെ അതിസൂക്ഷ്മമായി ശ്രദ്ധിക്കുന്ന വർക്ക് തിരിച്ചറിയാൻ സാധിക്കും.

### സൺഡേസ്കൂൾ വിദ്യാഭ്യാസലക്ഷ്യം തുടക്ക ത്തിൽ

1780 ൽ ഇംഗ്ലണ്ടിലെ ഗ്ലൗസസ്റ്ററിൽ റോബർട്ട് റെയ്ക്ക്സ് തുടങ്ങിവെച്ച ഞായറാഴ്ച പഠനക്ലാ സ്സിന് പ്രത്യേക ലക്ഷ്യം ഉണ്ടായിരുന്നു. ക്രിസ്തു മത വിശ്വാസമോ, വേദപുസ്തകമോ പഠിപ്പിക്കാ നല്ലായിരുന്നു പ്രധാനമായ ഊന്നൽ. വ്യാവസാ യിക വിപ്ലവത്തിന്റെ ദുരന്തഫലങ്ങളിൽ ഒന്നായി മാറിയതാണ്, കുട്ടികളുടെ തൊഴിലിലെ പങ്കാളി ത്തം. ബാലവേലയിൽക്കൂടി കുട്ടികളെ ചൂഷണം ചെയ്യുന്ന സമ്പ്രദായത്തോട് റോബർട്ട് റേയ്ക്കിന് ശക്തമായ ധാർമ്മികരോഷമുണ്ടായി. നന്നാ ചെറു പ്പത്തിൽ കൈയിൽ വരുന്ന പണം അനാശാസ്യ മായി ചെലവഴിക്കുന്നതും, ലഹരിവസ്തുക്കൾ ഉപ യോഗിച്ച്, ആഴ്ചയിൽ ഒരുദിവസം മാത്രം അവധി ലഭിക്കുന്ന ഞായറാഴ്ചകളിൽ തെരുവിൽ വഴക്ക ടിക്കുന്ന കുട്ടികളുടെ സംഖ്യയും വർദ്ധിച്ചുവന്നി രുന്നു. എഴുത്തും വായനയും അടിസ്ഥാന വിദ്യാ ഭ്യാസവും നൽകി ഈ കുട്ടികളെ നാശത്തിൽ നിന്നും രക്ഷപെടുത്താൻ റെയ്ക്ക്സ് ആഗ്രഹിച്ചു. അടിസ്ഥാന വിദ്യാഭ്യാസം ഈ കുട്ടികൾക്കു നൽകാൻ ആകെ ലഭിച്ചത് ഞായറാഴ്ചയാണ്. അന്ന് സ്കൂൾ ആരംഭിച്ചതുകൊണ്ടാണ് സൺഡേ സ്കൂൾ എന്ന് പേരുവന്നത്. എഴുത്തും വായനയും പഠിപ്പിക്കുന്നതോടൊപ്പം സന്മാർഗ്ഗനിഷ്ഠയുള്ളവ രായി വളരുവാൻ ക്രിസ്തീയ മൂല്യങ്ങളും, വേദ പുസ്തകവും കൂട്ടത്തിൽ പഠിപ്പിച്ചുതുടങ്ങി. കാല ക്രമേണ സഭകൾ ഈ വിദ്യാഭ്യാസത്തെ ഏറ്റെടു ത്തു. കുട്ടികളെ നന്നാ ചെറുപ്പത്തിൽ ക്രിസ്തീയ വിശ്വാസം പഠിപ്പിക്കാനുള്ള അവസരമായി മാറ്റി യെടുത്തു.

### മാറിയ ലക്ഷ്യങ്ങൾ സഭാചരിത്രത്തിൽ

നിയമം മൂലം ബാലവേല നിരോധിക്കുകയും വ്യാവസായിക വിപ്ലവത്തിന്റെ ഊറ്റം നിലയ്ക്കു കയും ചരിത്രഗതികളിൽ മാറ്റവും വന്നതോടെ

---

*ഫാ. ഡോ. ഒ. തോമസ്*
*വൈദിക സെമിനാരി പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുന്നു. ഒ.എസ്.എസ്.എ.ഇ. യുടെ ഡയറക്ടർ ജനറലായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ചിട്ടുള്ള അച്ചൻ അറിയപ്പെടുന്ന കൗൺസിലിംഗ് വിദഗ്ധനും പ്രഭാഷകനുമാണ്.*

സൺഡേസ്കൂളിന്റെ ലക്ഷ്യത്തിനും ഉള്ളടക്കത്തിനു മൊക്കെ മാറ്റങ്ങൾ ഉണ്ടായി. കാല, ദേശ, സംസ്ക്കാരങ്ങളൊക്കെ ഈ മാറ്റങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. പൊതുവായ ചില അടിസ്ഥാനങ്ങളെ പരിശോധിക്കാം.

ആദ്യകാലങ്ങളിൽ മിക്കസഭകളും, അവരുടെ വിശ്വാസം ഇളംതലമുറയ്ക്കു പകർന്നുകൊടുക്കാനായിരുന്നു സൺഡേസ്കൂളിൽ ഊന്നൽ നൽകിയത്. കുട്ടികൾക്ക്, ജനിച്ചു വളർന്ന പൈതൃകത്തേക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടായത് നല്ലതാണെങ്കിലും മറ്റു സഭകളുടെ വിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളെയും വേണ്ട രീതിയിൽ മനസ്സിലാക്കാതെ ശത്രുതാ മനോഭാവം ഉണ്ടാകുന്നു എന്ന ഒരു ദോഷം മറുവശത്തുണ്ട്.

മതബഹുലമായ സമൂഹത്തിൽ ക്രിസ്തു മതവും, വിശ്വാസവും അതിശ്രേഷ്ഠമാണെന്നുള്ള ഊന്നൽ ചിലപ്പോൾ സ്വീകരിച്ചിട്ടുണ്ട്. മതങ്ങൾ തമ്മിലുള്ള ഒരുതാരതമ്യപഠനത്തിനും അതിൽ ക്രിസ്തുമതത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാനും ഈ താരതമ്യ പഠനം പ്രയോജനകരമാണ്. എന്നാൽ ഇവിടെയും മറ്റു മതവിശ്വാസങ്ങളെ ഇകഴ്ത്തി ചിന്തിക്കാനും പരസ്പര ബഹുമാനം കുറയ്ക്കാനും ചിലപ്പോൾ ഇത് ഇടയാക്കിയിട്ടുണ്ട്.

വേദപുസ്തകം പഠിപ്പിക്കാനുള്ള ഉപാധിയായി സൺഡേസ്കൂളിനെ കാണുന്നവരുണ്ട്. ഏതെങ്കിലും സഭയുടെ വിശ്വാസത്തിന് ഇവിടെ ഊന്നൽ നൽകുന്നില്ല. വേദപുസ്തക വാക്യങ്ങൾ കൂടുതൽ പഠിക്കാനും ദൈവവചനത്തോട് ആഭിമുഖ്യമുണ്ടാകാനും ഈ രീതി സഹായകമാണ്. എന്നാൽ സഭാചരിത്രത്തേയും വിശ്വാസത്തേയും കുറിച്ചുള്ള അജ്ഞത മൗലിക വാദങ്ങളിലേക്കു അനേകരെ നയിച്ചിട്ടുണ്ട്. വേദപുസ്തകത്തിന്റെ മാത്രം ആധികാരികതയിലൂന്നി, വ്യക്തികൾ സൗകര്യപ്രദമായി വേദപുസ്തകം വ്യാഖ്യാനിച്ച് ആയിരക്കണക്കിന് സഭകൾ ഉണ്ടായത് ഈ ശൈലി സ്വീകരിച്ചതുകൊണ്ടാണ്.

മറ്റൊരു കൂട്ടർ സൺഡേസ്കൂൾ പഠനത്തിന് ആധികാരികത കണ്ടെത്തിയത്, രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ഉച്ചനീചത്വങ്ങളിൽ നിന്നുള്ള വിടുതൽ പ്രാപിക്കുന്ന ചിന്തകൾക്കു ഊന്നൽ നൽകുന്ന വിമോചന വേദശാസ്ത്രത്തിലാണ് സാമൂഹിക യാഥാർത്ഥ്യങ്ങളെ വിലയിരുത്തുവാൻ ഈ രീതി സഹായകമാണെങ്കിലും സഭയെ, സാമൂഹിക മാറ്റത്തിനുള്ള ഒരു രാഷ്ട്രീയ ഉപകരണമായി തെറ്റിദ്ധരിച്ചു പോകാൻ സാദ്ധ്യതയുണ്ട്.

ആത്മാക്കളുടെ രക്ഷയിൽ ഊന്നുന്ന സൺഡേസ്കൂൾ പാഠ്യക്രമങ്ങളുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഈ ലോകം മുഴുവനും പാപമയമാണ്. ഇതിന്റെ സ്വാധീനത്തിൽ നിന്ന് സ്വന്ത ആത്മാവിനെ രക്ഷിച്ച് എങ്ങനെയെങ്കിലും നിത്യജീവൻ പ്രാപിക്കണമെന്നുള്ളതാണ് പ്രധാനം. സഹോദരനെ കരുതാത്ത, ലോകയാഥാർത്ഥ്യങ്ങളെ വിസ്മരിക്കുന്ന സ്വാർത്ഥതയിലൂന്നിയ ഒരു ആത്മീയതയാണ് ഇവിടെ വളർത്തപ്പെടുന്നത്. വികലമായ ഒരു ആത്മീയ വീക്ഷണമാണ് ഇവിടെ ഉരുത്തിരിയുന്നത്.

ഇനിയമുണ്ട് വൈവിധ്യങ്ങൾ. ന്യായപ്രമാണത്തിലെ നിയമങ്ങളെപ്പോലെ ക്രിസ്തീയ ജീവിതത്തിൽ പുതിയ നിയമങ്ങൾ പാലിച്ചു ജീവിക്കാൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ക്രിസ്തീയ വിദ്യാഭ്യാസത്തെ വീക്ഷിക്കുന്നു. സന്മാർഗ്ഗികനിഷ്ഠ വളർത്തുവാൻ കുട്ടികളെ സഹായിക്കുമെങ്കിലും ആഴമേറിയ ഒരു ക്രിസ്ത്വാനുഭവം ഉണ്ടാകാൻ ഈ വഴിക്കും സാദ്ധ്യതയില്ല.

**ഓർത്തഡോക്സ് സൺഡേസ്കൂളിന് ഉണ്ടാകേണ്ട താത്വികാടിസ്ഥാനം**


സഭയിലെ പണ്ഡിതരായ വൈദിക-അവൈദികർ ചേർന്ന് വളരെ കൃത്യമായി ഈ താത്വികാടിസ്ഥാനം വിപുലപ്പെടുത്തി എടുക്കേണ്ടതാണ് അത്തരം ഒരു ശ്രമത്തിനുള്ള ആമുഖമായി ഈ എളിയ ചിന്തയെ കണ്ടാൽ മതി.

പാശ്ചാത്യ മിഷനറിമാരെ അനുകരിച്ചു സൺഡേസ്കൂൾ വിദ്യാഭ്യാസം 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നമ്മുടെ സഭയിൽ ആരംഭിച്ചപ്പോൾ അന്നത്തെ സഭയുടെ പ്രത്യേക പരിസ്ഥിതി നമ്മുടെ ലക്ഷ്യത്തെ സ്വാധീനിച്ചിട്ടുണ്ട്. പാശ്ചാത്യ മിഷനറിമാർ അവരുടെ നവീകരണ വിശ്വാസം ഒളിഞ്ഞും, തെളിഞ്ഞും നമ്മുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഒരു പശ്ചാത്തലമുണ്ടായിരുന്നു. അതിനെ എതിർത്തുകൊണ്ട് സഭയുടെ സത്യവിശ്വാസത്തിന് സാധൂകരണം നൽകുന്ന പഠനക്രമമാണ് നാം സ്വീകരിച്ചത്. ബാഹ്യശക്തികൾ

ഓരോരോ വിധത്തിൽ സഭയെ ഞെരുക്കിക്കൊണ്ടിരുന്നു. നമ്മെ സഹായിക്കാൻ വന്ന അന്ത്യോഖ്യൻസുറിയാനിസഭ, നമ്മുടെമേൽ ആധിപത്യം നേടാൻ ശ്രമിച്ചു വന്നിരുന്നു. ഇപ്പോഴും ആ പ്രശ്നം നിലച്ചിട്ടില്ല. അതിനാൽ അന്ത്യോഖ്യൻ നിലപാടുകളെ എതിർത്തും, മാർ തോമായുടെ കാതോലിക്കാ സിംഹാസനത്തെ സാധൂകരിച്ചും പഠിപ്പിക്കേണ്ടത് ആവശ്യമായിവന്നു. ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് 1930 ൽ കത്തോലിക്കാ സഭയിൽ ചേർന്നതു മൂലമുണ്ടായ പുനരൈക്യ വാദത്തോട് നമുക്ക് ഏറ്റുമുട്ടേണ്ടി വന്നു. അതിനുവേണ്ടുന്ന അറിവു നൽകുന്ന

*(ശേഷം പേജ് 20ൽ)*

മുഖചിത്രലേഖനം



# നോഹയുടെ പെട്ടകം

**ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ**

വല്യപ്പച്ചന്മാരുടെയും വല്യമ്മച്ചിമാരുടെയും കഥകൾ കേട്ട് കൊച്ചുമക്കൾ ഉറക്കത്തിലേക്കു വഴുതിവീഴുന്ന ഒരുകാലം നമുക്ക് ഉണ്ടായിരുന്നു; ഇന്നും അത്തരം അനുഭവങ്ങൾ അന്യംനിന്നുപോയിട്ടൊന്നുമില്ല. ക്രൈസ്തവ ഭവനങ്ങളിൽ പറയുന്ന കഥകൾ പൊതുവെ വി. വേദപുസ്തകം സംബന്ധിച്ചായിരുന്നുവെന്നതും നമുക്കൊക്കെ വളരെ പരിചിതമാണ്. അത്തരം കഥകളിൽ കൊച്ചുമക്കളെ ഏറ്റവും അധികം ആകർഷിച്ചിട്ടുള്ള പലതിൽ ഒന്ന് 'നോഹയുടെ പെട്ടകം' ആയിരുന്നു. നോഹയുടെ പെട്ടകം എന്തായിരുന്നു, എന്താണ് എന്ന് ഒരു വിചിന്തനം നടത്തുകയാണ് ഈ ലേഖനംകൊണ്ട് ആഗ്രഹിക്കുന്നത്.

'നോഹയുടെ പെട്ടകം' വി. വേദപുസ്തക വായനയിലൂടെയും കഥകളിലൂടെയും സുപരിചിതമായ ഒന്നാണെന്നുവരികിലും അതിന്റെ പശ്ചാത്തലം ലഘുവായി വിശദീകരിക്കുന്നത് പ്രയോജനകരമായിരിക്കണം. ഉല്പത്തി പുസ്തകം 5:29-ൽ ആണ് നോഹയെക്കുറിച്ചുള്ള സംഭവപരമ്പരയുടെ ആരംഭം. 'നോഹ' എന്ന പേരിന്റെ അർത്ഥം 'ആശ്വാസകൻ' എന്നാണ്. നോഹ ജനിച്ച ഉടൻതന്നെ പിതാവായ ലാമേക്ക് ഇങ്ങനെ പറഞ്ഞു: "കർത്താവ് ശപിച്ച നിലത്ത് നമ്മുടെ വേലയിലും നമ്മുടെ കൈകളുടെ അദ്ധ്വാനത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കും." വി. മത്തായി 11:28 ഇതിനോട് ചേർത്ത് പഠിക്കാവുന്നതാണ്. ആദം മുതൽ ഇതുവരെയുള്ള മനുഷ്യപരമ്പര പാപംചെയ്ത് പരിശുദ്ധാത്മ കൃപ നഷ്ടപ്പെടുത്തിയതായി വി. വേദപുസ്തകം നമ്മളെ പഠിപ്പിക്കുന്നു. അവർ അതനുസരിച്ച് ദൈവവഴിയിലേക്കു മടങ്ങിവരുവാൻ ദൈവം തീക്ഷ്ണമായി ആഗ്രഹിക്കുകയും ദീർഘക്ഷമയോടെ നാളുകൾ കാത്തിരിക്കുകയും ചെയ്തുവെങ്കിലും പ്രയോജനമൊന്നും ഉണ്ടായില്ല. പരിശുദ്ധാത്മ കൃപയുടെ അഭാവത്തിൽ മനുഷ്യൻ വളരെ പെട്ടെന്ന് സാത്താന്റെ ചട്ടുകമായി മാറിപ്പോകുന്നു. അന്ന് സംഭവിച്ചത് ഇതുതന്നെയായിരുന്നു. എന്നാൽ നോഹ വ്യത്യസ്തനായിരുന്നു. ദൈവകൃപയിലേക്ക് എത്തിച്ചേരുവാൻ നോഹയുടെ സുകൃതജീവിതത്തിന് സാധിച്ചു. അതുകൊണ്ട് നോഹയിലൂടെ ഒരു ശേഷിപ്പിനെ സംരക്ഷിക്കുവാൻ ദൈവം തീരുമാനിച്ചു. ദൈവം മനുഷ്യനായി കാലത്തികവിൽ ജഡം എടുക്കുന്നത് നോഹയുടെ തലമുറയിലൂടെയെന്ന് താൻ നിർണ്ണയിക്കുകയും ചെയ്തു. പരിശുദ്ധാത്മകൃപയാൽ നോഹയുടെ ജീവിതം സദ്ഗുണസമ്പൂർണമായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു; ആ സുകൃതജീവിതം ദൈവദൃഷ്ടിയിൽ പ്രീതികരമായി. ഇന്ന്, സദ്ഗുണസമ്പൂർണരായി നാം ഓരോരുത്തരും സുകൃതജീവിതം നയിക്കണമെന്നുതന്നെയാണ് ദൈവം ആഗ്രഹിക്കുന്നത്.

അതേസമയം, മനുഷ്യന്റെ മനഃപൂർവ്വമായ ദുഷ്കൃത ജീവിതചര്യയാൽ ഭൂമി മുഴുവൻ മലീമസമായിത്തീർന്നു. അനുതപിച്ച് നേർവഴിയിലേക്ക് കടന്നുവരുവാൻതക്കവണ്ണം അവസരം ഉണ്ടായിരുന്നിട്ടും മനുഷ്യൻ അതിനു തയ്യാറായില്ല. ഇതേത്തുടർന്ന് ഭൂമിയിലെ സർവചരാചരങ്ങളെയും ജലപ്രളയത്താൽ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. നോഹയിലൂടെ ഒരു വിശ്വസ്തശേഷിപ്പിനെ വീണ്ടെടുക്കുവാനും ദൈവം നിശ്ചയിച്ചു. അതിനു മുന്നോടിയായി ഒരു പെട്ടകം പണിയുവാൻ ദൈവം നോഹയെ ഭരമേല്പിച്ചു. പെട്ടകം പണിയേണ്ട എല്ലാ വിശദാംശങ്ങളും ദൈവം നോഹയ്ക്ക് പറഞ്ഞുകൊടുത്തു. അയൽവാസികളുടെ പുച്ഛം നിറഞ്ഞ അഭിപ്രായപ്രകടനങ്ങൾ അവഗണിച്ചുകൊണ്ട് നോഹ ദൈവകല്പന നിറവേറ്റി. പെട്ടകം പൂർത്തിയായതോടെ ആരൊക്കെ പെട്ടകത്തിൽ പ്രവേശിക്കണം, ഏതൊക്കെ ജീവികൾ, അത് എത്രയെണ്ണം

*ശ്രീ. ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ - കോട്ടയം മാങ്ങാനം എബൻഎസർ ഇടവകാംഗം. പാലാരിവട്ടം സെന്റ് ജോർജ് സൺഡേസ്കൂൾ അദ്ധ്യാപകൻ. 'ജോർജിയൻ മിറർ' ത്രൈമാസികയുടെ കോ-ഓർഡിനേറ്റിംഗ് എഡിറ്റർ. 'ദിവ്യബോധനം' ഗ്രാജ്വേറ്റ്. സഭാസംബന്ധമായ പല ഗ്രന്ഥങ്ങളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.*

വീതം എന്നൊക്കെ ദൈവം കല്പിച്ചത് നോഹ അക്ഷരംപ്രതി അനുസരിക്കുന്നതായി നാം വി. വേദപുസ്തകത്തിൽ വായിക്കുന്നു (ഉല്പത്തി 7:1–16). ഇതേത്തുടർന്ന് നാല്പത് രാവും നാല്പത് പകലും ഘോരമായ മഴപെയ്തു, പെട്ടകത്തിനുപുറത്തുള്ള സർവ ജീവജാലങ്ങളും നശിച്ചു.

ഇനി നമുക്ക് എന്തായിരുന്നു ഈ പെട്ടകം, അതിന്റെ പ്രസക്തി, അതിന്റെ അർത്ഥം ഇവയൊക്കെ ഒന്നു മനസ്സിലാക്കുവാൻ ശ്രമിക്കാം. ഉല്പത്തി പുസ്തകത്തിൽ (6:15) പെട്ടകത്തിന്റെ അളവ്, നീളം 300 മുഴം, വീതി 50 മുഴം, ഉയരം 30 മുഴം എന്നാണ് കാണുന്നത്. നോഹയുടെ പെട്ടകത്തിന് 625 അടി നീളവും 104 അടി വീതിയും 62.5 അടി ഉയരവും ഉണ്ടായിരുന്നുവെന്ന് ഗവേഷണപഠനങ്ങളിലൂടെ നിർണയിക്കപ്പെട്ടിട്ടുണ്ട്. വിവിധതരം ജീവജാലങ്ങൾക്ക് ജീവിക്കാനും ഭക്ഷണം കഴിക്കാനും ഒക്കെ ആവശ്യമായ സർവവിധ സജ്ജീകരണങ്ങളും അതിൽ ക്രമീകരിക്കപ്പെട്ടിരുന്നു. 382 ദിവസങ്ങളോളം ഇവയ്ക്കെല്ലാം ആവശ്യമുള്ള ഭക്ഷണം സൂക്ഷിക്കുവാനുള്ള സ്ഥലസൗകര്യങ്ങളും ഒരുക്കപ്പെട്ടിരുന്നു. നോഹയുടെ പെട്ടകം വെറും ഒരു ഐതിഹ്യമോ, കെട്ടുകഥയോ ഒന്നുമല്ലായെന്ന് ആധുനികകാല ശാസ്ത്രീയ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

വേദശാസ്ത്രപരമായ ചിന്തകളിൽ നോഹയുടെ പെട്ടകം യേശുക്രിസ്തുവിന്റെയും, സഭയുടെയും പരിശുദ്ധ ദൈവമാതാവിന്റെയും ക്രിസ്തീയ കുടുംബത്തിന്റെയും മുൻകുറിയാണ്. പ്രളയജലം വി. മാമ്മോദീസായുടെ മുൻകുറിയത്രെ. ഈ മാമ്മോദീസായിലൂടെ മനുഷ്യസമൂഹം രക്ഷിക്കപ്പെട്ടിരിക്കുന്നു (1 പത്രോ. 3:18–22). നോഹയുടെ വിശ്വാസത്താൽ ദൈവം നോഹയെ സദ്ഗുണ സമ്പൂർണനാക്കി, നോഹ ദൈവത്തിന് പ്രിയങ്കരനായി, പരിശുദ്ധാത്മ കൃപാവരത്താൽ നോഹ ദൈവകല്പനകൾക്ക് വിധേയപ്പെട്ടും നോഹയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കപ്പെട്ടു. ഇതിനെ വീണ്ടെടുപ്പിന്റെ മുൻകുറിയായി പൗരസ്ത്യ സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു. നോഹയുടെ വിശ്വാസത്താൽ മൃഗങ്ങളും വീണ്ടെടുപ്പിന്റെ അനുഭവത്തിലേക്ക് കടന്നുവരുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നു. ദൈവമക്കളിലൂടെ സർവ്വസൃഷ്ടിയും വീണ്ടെടുക്കപ്പെടുന്നു (റോമർ 8:18–22). ലോകത്തിന്റെ പ്രലോഭനങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷപ്പെടുന്ന കുടുംബങ്ങളെക്കുറിച്ച് നോഹയുടെ പെട്ടകം സൂചന നൽകുന്നു "വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തിപൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു" (എബ്രായർ 11:7).

പെട്ടകത്തിന്റെ വാതിൽ അടച്ചത് ദൈവമായിരുന്നു; കാരണം ന്യായാധിപൻ ദൈവമാണ്. ആരൊക്കെ അകത്ത് പ്രവേശിക്കണം, ആരൊക്കെ പുറത്ത് ആയിരിക്കണം എന്ന നിർണയം ദൈവത്തിന്റേതത്രെ. പുറത്ത് ആയിരുന്ന മനുഷ്യർ ലോകമോദങ്ങളിൽ മാത്രം വ്യാപരിച്ചുകൊണ്ടിരുന്നു, ദൈവ ഇച്ഛയിൽനിന്നും ദൈവകൃപയിൽനിന്നും അവർ അകലെയായിരുന്നു. അപ്രതീക്ഷിതമായി, അവിശ്വസനീയമായി വന്ന പ്രളയം അവരെ കുടുക്കിക്കളഞ്ഞു, രക്ഷപ്പെടുവാൻ യാതൊരു പഴുതുകളും ഉണ്ടായില്ല. ന്യായവിധിനാളിൽ സംഭവിക്കുന്നത് ഇതിൽനിന്നും വ്യത്യസ്തമാകുകയില്ല (വി. മത്തായി 24:37–39, വി. ലൂക്കോസ് 17:26–27; 2 പത്രോസ് 2:4–5) എന്ന് നാം ഓർക്കണം.

ദൈവം നോഹയെ കരുണയോടെ ഓർക്കുകയും പ്രളയത്തിന് അറുതിവരുത്തുകയും ചെയ്തു. റോമിലെ വിശുദ്ധ ഹിപ്പോളിറ്റസ് വിശദീകരിച്ചിരിക്കുന്നതനുസരിച്ച് ഈ പെട്ടകം, വരുവാനുള്ള ക്രിസ്തുവിന്റെ മുൻകുറി ആയിരുന്നു. പെട്ടകത്തിന്റെ വാതിൽ അതിന്റെ കിഴക്കുഭാഗത്തായിരുന്നുവെന്നത് ഇതിനെ ദൃഷ്ടാന്തീകരിക്കുന്നു. ദൈവം നോഹയെ ഓർത്ത് പ്രളയം അവസാനിപ്പിച്ചതോടെ നോഹ ഈ വാതിൽ തുറന്നു. അപ്പോഴേക്കും പെട്ടകം 'അരാരാത്ത് പർവ്വതങ്ങളിൽ' ഉറച്ചിരുന്നു. നോഹ ഒരു മലങ്കാക്കയെ പുറത്തേക്കുവിട്ടുവെങ്കിലും ഭൂമുഖത്ത് വെള്ളം വറ്റുന്നതുവരെ അത് പോയും വന്നും കൊണ്ടിരുന്നു. വീണ്ടും നോഹ ഒരു പ്രാവിനെ അയച്ചു. വെള്ളം വറ്റിയിരുന്നില്ല അതിനാൽ അത് തിരികെ വന്നു. വീണ്ടും ഏഴുദിവസം കഴിഞ്ഞ് ആ പ്രാവിനെ അയച്ചപ്പോൾ അത് ഒലിവ് മരത്തിന്റെ ഒരു ഇല കടിച്ചുപിടിച്ച് തിരികെ വന്നു. ഈ പ്രാവ് പരിശുദ്ധാത്മാവിന്റെ ദൃഷ്ടാന്തമത്രെ. ഒലിവിന്റെ ഇല കന്യാത്വത്തെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനാലാണല്ലോ കന്യക ഗർഭം ധരിച്ചത്. ഒലിവിന്റെ ഇല മനുഷ്യൻ ദൈവവുമായി നിരപ്പാകുന്നതിന്റെ 'സമാധാനം' സൂചനയുമാണ്. വി. മാമ്മോദീസാ ശുശ്രൂഷയിൽ വിശുദ്ധരഹസ്യങ്ങളിൽ ദൈവകൃപ നിറയുന്നതിനെയും ഒലിവിന്റെ ഇല മുൻകുറായി കാണിക്കുന്നു.

തുടർന്ന് നോഹയും കുടുംബവും ഒരു പുതിയ സൃഷ്ടിയായി ജീവിതം പുനരാരംഭിക്കുന്നു. നോഹ ഒരു ബലിപീഠം പണിത് ബലിയർപ്പണം നടത്തിക്കൊണ്ടാണ് തന്റെ പുതുജീവിതത്തിലേക്കു കടക്കുന്നത്. സ്വീഡിഷ് തത്വചിന്തകനും വേദശാസ്ത്രജ്ഞനുമായ ഇമ്മാനുവേൽ

സ്വീഡൻബോർഗ് നിരവധി ഗ്രന്ഥങ്ങൾ 18-ാം ശതകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു വിശദീകരണം അനുസരിച്ച് ആദ്യത്തെ സഭ ഏദൻതോട്ടത്തിൽ രൂപീകൃതമായി. ഈ സഭയുടെ അടുത്ത രൂപഭാവം ഭൂമിയിൽ ജീവിതം ആരംഭിച്ച ആദം മുതൽ നോഹവരെ, അതായത് പ്രളയംവരെ ആയിരുന്നു. പ്രളയത്തോടെ ഈ സഭയ്ക്ക് വീണ്ടും രൂപാന്തരം സംഭവിച്ചു. നോഹയുടെ മക്കളായ യാഫേത്ത്, ശേം, ഹാം എന്നിവരിലൂടെ സഭയുടെ അടുത്ത രൂപഭാവം പ്രകടമായി. നോഹയുടെ മക്കളിൽ രണ്ടാമനായ ശേമിന്റെ തലമുറയിലാണല്ലോ ക്രിസ്തു എന്ന ദൈവപുത്രൻ ജഡം എടുത്തത്.

ഇന്ന് ഈ പെട്ടകം എവിടെയാണ്? അതിന്റെ അവശിഷ്ടങ്ങളോ മറ്റോ എവിടെയെങ്കിലും ഉണ്ടോ? വി. വേദപുസ്തകം ഉല്പത്തി 8:4-ൽ സ്പഷ്ടമായി പറയുന്നതനുസരിച്ച് പെട്ടകം 'അരാരാത്ത് പർവ്വതനിര'കളിൽ ഉറച്ചു എന്ന് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ പില്ക്കാലത്ത് ധാരാളം ഗവേഷണങ്ങൾ അരാരാത്ത് പർവ്വതനിരകളിലും സമീപപ്രദേശങ്ങളിലുമായി നടത്തിയിട്ടുണ്ട്; അവ ഇന്നും തുടരുന്നുണ്ട്. അത്തരം ഗവേഷണങ്ങളുടെ തത്ഫലമായി പെട്ടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെടുമെന്ന് ഒരുകൂട്ടം ഗവേഷകർ അഭിപ്രായപ്പെടുമ്പോൾ അത് ആധികാരികമായ തെളിവുകളുടെ പിൻബലമില്ലാത്ത അവകാശവാദമാണെന്ന് മറ്റൊരുകൂട്ടം പറയുന്നു.

നോഹയുടെ പെട്ടകം അരാരാത്ത് പർവ്വതനിരകളിൽ ഉൾപ്പെടുന്ന അരാരാത്ത്, കുഡി, നിസിർ എന്ന ഏതെങ്കിലും ഒരു പർവ്വതത്തിൽ ആണ് ഉറച്ചത് എന്നാണ് ദീർഘനാളുകളായി വിശ്വസിക്കപ്പെട്ടുപോരുന്നത്. അരാരാത്ത് പർവ്വതങ്ങളിൽ എന്ന വേദപുസ്തക വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. ഗൗരവമായി നടത്തിവരുന്ന ഗവേഷണങ്ങൾ എല്ലാം ഇന്നത്തെ തുർക്കിയിൽ സ്ഥിതിചെയ്യുന്ന ഈ പർവ്വതങ്ങളുമായി ബന്ധപ്പെട്ടുതന്നെയാണ്. മുമ്പ് അർമേനിയായുടെ ഭാഗമായിരുന്നു ഈ പ്രദേശം. പഴയ അർമേനിയായുടെ കുറെ ഭാഗങ്ങൾ ഇന്നു തുർക്കിയിലും ഇറാനിലുമാണ്. അർമീനിയായുടെ ദേശീയചിഹ്നത്തിൽ അറാറാത്ത് പർവ്വതം ആലേഖനം ചെയ്തിട്ടുണ്ട്. അരാരാത്ത് പർവ്വതത്തിലെ, പേരുകൾ ഇല്ലാത്ത, വിവിധ കൊടുമുടികളിൽ പഠനം നടത്തിയ ഡേവിഡ് ഫാസോൾഡ്, റോൺ വ്യാട്ട് എന്നീ ഗവേഷകർ ബോട്ടിന്റെ ആകൃതിയിലുള്ള ദൃഢമായ ഒരു മൺകൂന കണ്ടെത്തുകയുണ്ടായി. ഈ മൺകൂന പെട്ടകത്തിന്റെ അവശിഷ്ടങ്ങളുടെ ഭാഗമായിരിക്കണം എന്ന ധാരണ ശക്തമാണ്. ഫാസോൾഡും സംഘവും ഈ മൺകൂനയുടെ നീളം നോഹയുടെ പെട്ടകത്തിന്റെ നീളത്തിന് വളരെയടുത്തുവരുന്നതായി തിരിച്ചറിഞ്ഞിട്ടുണ്ട്. പെട്ടകത്തിന്റെ ഘടനയ്ക്ക് തകരാറുകൾ സംഭവിക്കാതിരിക്കത്തക്കവണ്ണം അതിനോട് ബന്ധിച്ചിരുന്ന വലിയ കല്ലുകൾ എന്ന് വിശ്വസിക്കാവുന്ന തരം വസ്തുക്കൾ ഈ പ്രദേശത്ത് അവർ കണ്ടെടുത്തു. ശിലാദ്രവ്യപരുവത്തിലുള്ള ചില വസ്തുക്കൾ പെട്ടകത്തിന്റെ മുകൾത്തട്ടിന്റെ അവശിഷ്ടങ്ങളാകുമെന്നാണ് ഫാസോൾഡിന്റെ നിഗമനം. ചരിത്രകാരനായ ജൂൺ ഡാവ്സുമായി ചേർന്നു നടത്തിയ പഠനങ്ങളെത്തുടർന്ന് ഈ പറഞ്ഞ പ്രദേശം തന്നെയാണ് പെട്ടകം ഉറച്ച സ്ഥലമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ശിലാദ്രവ്യപരുവത്തിലുള്ള അവശിഷ്ടങ്ങൾ പെട്ടകത്തിന്റെ ഭാഗങ്ങൾ തന്നെയെന്ന കാര്യത്തിലും അദ്ദേഹത്തിന് സംശയമില്ല.

തുർക്കിയുടെ വടക്കുകിഴക്കൻ പ്രദേശത്തുള്ള അരാരാത്ത് പർവ്വതത്തിൽ കണ്ടെത്തിയ പുരാതന തടിക്കഷണങ്ങളുടെ ശിലാദ്രവ്യ അവശിഷ്ടങ്ങൾ ഉല്പത്തി പുസ്തകത്തിലെ വിവരണങ്ങളുമായി ഒത്തുപോകുന്നതായി നിരവധി വേദശാസ്ത്ര, ഭൗമശാസ്ത്ര ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. പെട്ടകത്തിന്റെ സ്ഥാനം നിജപ്പെടുത്തുവാനായി അദ്ധ്വാനംചെയ്തിട്ടുള്ള പുരാവസ്തുഗവേഷകർ അരാരാത്ത് പർവ്വതനിരകളിൽ കണ്ടെത്തി എന്ന് പറയപ്പെടുന്ന വസ്തുതകളെ ശരിവയ്ക്കുന്നു.

അരാരാത്ത് പർവ്വതം അർമേനിയായുടെ തെക്കേയറ്റത്തുനിന്ന് 32 കി.മീ. മാത്രം ദൂരെയാണ്. അർമീനിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസേറ്റുകളിൽ പ്രമുഖമായ എച്ച്മിയാഡ്സനിൽനിന്ന് ഏറെക്കുറെ 12 മണിക്കൂർ യാത്രചെയ്താൽ പെട്ടകം ഉറച്ചു എന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന പ്രദേശത്ത് എത്താവുന്നതാണ്. എച്ച്മിയാഡ്സനിൽനിന്നുള്ള ദൂരം 75 കി.മീ. ആണെങ്കിലും പർവ്വതനിരകളിൽ കൂടിയുള്ള യാത്ര കാരണമായിരിക്കണം കൂടുതൽ സമയം വേണ്ടിവരുന്നത്. പെട്ടകത്തിന്റെ സ്ഥാനമായി ഗണിക്കപ്പെട്ടിരിക്കുന്ന പ്രദേശം എച്ച്മിയാഡ്സനിൽനിന്ന് നോക്കിക്കാണുവാൻ സാധിക്കുന്നുണ്ട്. അർമേനിയയെ കൂടാതെ ഇറാൻ, അസർബൈജാൻ എന്നിവിടങ്ങളിൽനിന്നും പ്രസ്തുത സ്ഥലത്തേക്കുള്ള ദൂരം അത്ര അധികമല്ല.

ഗവേഷകർ ഇത്രയുമൊക്കെ നിഗമനങ്ങളിൽ എത്തിച്ചേർന്നുവെങ്കിലും ഇവയുടെ ആധികാരികത പൂർണമല്ലതാനും. അതെന്തായാലും ശരി, 'ആർക്ക് എൻകൗണ്ടർ' എന്ന പേരിൽ നോഹ

യുടെ പെട്ടകത്തിന്റെ ഒരു യഥാതഥം എന്ന് അവകാശപ്പെടുന്ന മാതൃക അമേരിക്കയിലെ കെൻടക്കിയിൽ വില്യംസ്ടൗൺ എന്ന പട്ടണത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ജൂലൈ 2016–ൽ ഇത് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിരിക്കുന്നു. നോഹയുടെ പെട്ടകത്തെക്കുറിച്ച് വി. വേദപുസ്തകത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കുന്ന ഗണിതമാനങ്ങൾക്ക് അനുസൃതമായിട്ടാണ് ഈ മാതൃക പണികഴിപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ സംരംഭം വെറും ഒരു ടൂറിസ്റ്റ് ആകർഷണ കേന്ദ്രമായി മാത്രം കണ്ടാൽ മതിയാകും. മനുഷ്യന്റെ വൈകാരിക അനുഭൂതികളെ ചൂഷണം ചെയ്തുകൊണ്ട് പണം സമ്പാദിക്കുവാനുതകുന്ന ഒരു പ്രക്രിയയായി മാത്രം ഇതിനെ മനസ്സിലാക്കണം.

നോഹയുടെ പെട്ടകം വി. വേദപുസ്തകാടിസ്ഥാനത്തിൽ ഒരു യാഥാർത്ഥ്യം തന്നെയാണ്; അതിനെ വെറും ഐതിഹ്യമായോ കെട്ടുകഥയായോ ഒക്കെ വ്യാഖ്യാനിക്കുന്നത് ബാലിശമായ അഭ്യാസം മാത്രമണത്രെ. പെട്ടകത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്താലും ഇല്ലെങ്കിലും പെട്ടകം ഒരു യാഥാർത്ഥ്യമായിത്തന്നെ നിലനിൽക്കുന്നു, അത് വേദപുസ്തക സത്യമാണ്. ●

## കുടുംബരക്ഷയ്ക്കായി ഒരു പെട്ടകം

"വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ടു ഭയഭക്തിപൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു" (എബ്രായർ 11:7).

1. 'നീ' ഒരു പെട്ടകം 'ഉണ്ടാക്കുക' (ഉല്പത്തി 6:14)
   *നോഹതന്നെ പെട്ടകം പണിതതുപോലെ കുടുംബനാഥന് കുടുംബരക്ഷയുടെ കാര്യത്തിൽ പ്രത്യേക ഉത്തരവാദിത്തം ഉണ്ടെന്നു സാരം; അവൻതന്നെ സുപ്രധാന ചുമതല നിർവ്വഹിക്കണം.*
2. പെട്ടകത്തിന് 'അറകൾ' ഉണ്ടാക്കണം (ഉല്പ. 6:14)
   *കുടുംബത്തിന് അംഗങ്ങൾക്കെല്ലാം ഒരു പങ്കാളിത്തം (അറ) ഉറപ്പാക്കണം (ഇടം കൊടുക്കുന്ന ഭവനം).*
3. പെട്ടകത്തിന് അകത്തും പുറത്തും 'കീൽ' തേക്കണം (ഉല്പ. 6:15)
   *കുടുംബത്തിന് അകത്തും പുറത്തും, സുരക്ഷ, ശിക്ഷണം, ധാർമ്മികത, ആത്മീയത എന്നിവയുടെ 'കീൽ' അനിവാര്യമാണ്.*
4. പെട്ടകത്തിന് 'കിളിവാതിൽ' ഉണ്ടാക്കേണം (ഉല്പ. 6:16)
   *കുടുംബത്തിന് ഉയരങ്ങളിലേക്കു നോക്കുന്ന പ്രാർത്ഥനയുടെ 'കിളിവാതിലും' ചുറ്റുപാടുകൾ ശ്രദ്ധിച്ച് സ്വയം വിലയിരുത്തുന്ന 'കിളിവാതിലും' ഉണ്ടായിരിക്കണം.*
5. നീയും നിന്റെ പുത്രന്മാരും ഭാര്യയും...................... പെട്ടകത്തിൽ കടക്കേണം (ഉല്പ. 6:18)
   *സഭാജീവിതത്തിൽ കുടുംബം മുഴുവൻ പങ്കുചേരണം*
6. സകലജീവികളിൽനിന്നും ആണും പെണ്ണുമായി ഈരണ്ടീരണ്ട് പെട്ടകത്തിൽ കയറേണം (ഉല്പ. 6:19)
   *കുടുംബത്തിന്റെ കരുതൽ, പ്രപഞ്ചജീവജാലങ്ങളുടെ അതിജീവനത്തിന് ഉതകണം.*
7. അതു നിനക്കും അവയ്ക്കും ആഹാരമായിരിക്കണം (ഉല്പ. 6:21)
   *പ്രപഞ്ചത്തിലെ ആവാസവ്യവസ്ഥയിൽ 'സ്വാർത്ഥത' അല്ല 'പങ്കുവയ്ക്ക'ലാണ് അടിസ്ഥാനപ്രമാണം.*
8. ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു (ഉല്പ. 6:22)
   *ദൈവകല്പനകൾ 'പൂർണ്ണ'മായിട്ടും (ഭാഗികമായിട്ടല്ല) അനുസരിക്കുന്ന സന്നദ്ധത, 'ദൈവം ആശ്വാസകൻ' (നോഹ) ആയിരിക്കുന്നവർക്കെല്ലാം ആവശ്യമാണ്.*

JK

## ആദരാഞ്ജലികൾ



ദീർഘകാലം കോട്ടയം
ചെറിയപള്ളി മഹാ ഇടവക സൺഡേസ്കൂൾ
ഹെഡ്മാസ്റ്റർ ആയിരുന്നു
താഴത്തങ്ങാടി പട്ടശ്ശേരിൽ
**ശ്രീ. പി. ജെ. വർഗ്ഗീസ്**



തുമ്പമൺ ഭദ്രാസനത്തിൽപ്പെട്ട
ഓമല്ലൂർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറായി
സ്തുത്യർഹമായി സേവനമനുഷ്ഠിച്ച
**ശ്രീ. പി. കെ. കുഞ്ഞുകോശി**

# എന്റെ സൺഡേസ്കൂൾ സ്മരണകൾ



**അഡ്വ. ബിജു ഉമ്മൻ**

"**എ**ന്റെ മകനേ ബാല്യം മുതൽ തന്നെ നീ ജ്ഞാനോപദേശം സ്വീകരിക്കുക; വാർദ്ധക്യം വരെയും നീ വിജ്ഞാനം പ്രാപിച്ചുകൊണ്ടിരിക്കും.'' (ബാർആസിറേ 6:16; പ്ശീത്താ), "ബാലൻ നടക്കേണ്ട വഴി, ശൈശവത്തിൽ തന്നെ അവനെ പഠിപ്പിക്കുക; വൃദ്ധനാകുമ്പോഴും അതിൽനിന്നും തെറ്റിപ്പോകുകയില്ല." (സദൃശ്യവാക്യങ്ങൾ 22:6 പ്ശീത്താ), "പൈതങ്ങൾ എന്റെ അടുക്കൽ വരുവാൻ വിടുവീൻ, നിങ്ങൾ അവരെ തടസ്സം ചെയ്യരുത്; എന്തെന്നാൽ ദൈവരാജ്യം ഇവരെപ്പോലുള്ളവർക്ക് ഉള്ളതാകുന്നു." (വി. മർക്കോസ് 10:16, വി. മത്തായി 19:14, വി. ലൂക്കോസ് 18:16) - ഈ മഹത്തായ ലക്ഷ്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന മഹാപ്രസ്ഥാനമാണ് സൺഡേസ്കൂൾ.

സഭയിലോ പൊതുസമൂഹത്തിലോ തൊഴിൽ രംഗത്തോ മറ്റു രംഗങ്ങളിലോ ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനം എന്റെ സൺഡേസ്കൂൾ വിദ്യാഭ്യാസവും പ്രവർത്തനവുമാണ് എന്ന് നിസ്സംശയം പറയാം.

നിരണം ഭദ്രാസനത്തിലെ കവിയൂർ സ്ലീബാ പള്ളി ഇടവകയിൽ അംഗമാണെങ്കിലും എന്റെ സൺഡേസ്കൂൾ വിദ്യാഭ്യാസം ചെങ്ങന്നൂർ ഭദ്രാസനത്തിൽപെട്ട തോട്ടപ്പുഴ എംജിഎം സൺഡേസ്കൂളിലാണ് നടന്നത്. എന്റെ പിതാമഹനും പിതാവും അദ്ധ്യാപകരായും ഹെഡ്മാസ്റ്റർമാരായും പ്രവർത്തിച്ചിരുന്ന സൺഡേസ്കൂൾ എന്ന നിലയിലുള്ള വൈകാരിക ബന്ധവും ഭവനത്തോടുള്ള സാമീപ്യവുമാണ് ഇതിനു പ്രേരിപ്പിച്ചത്. കവിയൂർ സ്ലീബാ പള്ളി ഇടവകയുടെ കീഴിൽ 1904ൽ സ്ഥാപിതമായ തോട്ടപ്പുഴ എംജിഎം സൺഡേസ്കൂൾ 1971ൽ തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവക സ്ഥാപിതമായതോടെ അതിന്റെ ഭാഗമായി. അതിനു മുമ്പു തന്നെ ഞാൻ ഇവിടെ വിദ്യാർത്ഥിയായി ചേർന്നിരുന്നു. ഇവിടെ പഠിച്ച പലരും നമ്മുടെ സഭയിലും ക്നാനായ അതിഭദ്രാസനത്തിലും വൈദികരായി പ്രവർത്തിക്കുന്നു എന്നുള്ളത് അഭിമാനത്തോടെ പ്രസ്താവിക്കുന്നു. പിൽക്കാലത്ത് അഖില മലങ്കര തലത്തിൽ ഒട്ടേറെ വിജയങ്ങൾ നേടിയ ഈ സൺഡേസ്കൂളിന്റെ പൂർവവിദ്യാർത്ഥിയാണ് ഞാൻ എന്നതിൽ അഭിമാനിക്കുന്നു.

തോട്ടപ്പുഴ ഇടവക രൂപീകരണത്തെ തുടർന്ന് കവിയൂർ സ്ലീബാ പള്ളി ഇടവകയുടെ കീഴിൽ വള്ളംകുളം കിഴക്ക് മലയിൽ ഭാഗം മാർ ബസേലിയോസ് സൺഡേസ്കൂൾ ഭവനത്തിനടുത്തു തന്നെ സ്ഥാപിതമായി. എങ്കിലും തോട്ടപ്പുഴ എംജിഎം സൺഡേസ്കൂളിലെ പഠനം തുടർന്നു. ഉയർന്ന ക്ലാസിലെ പഠനം പൂർത്തിയായതോടെ മാർ ബസേലിയോസ് സൺഡേസ്കൂളിൽ അദ്ധ്യാപകനായും വൈകാതെ ഹെഡ്മാസ്റ്ററായും നിയമിതനായി. സൺഡേസ്കൂളിനോടൊപ്പം തന്നെ യുവജനപ്രസ്ഥാനത്തിലും പ്രവർത്തിക്കുന്നതിന് ഈ സമയത്ത് അവസരം ലഭിച്ചു. മാർ ബസേലിയോസ് സൺഡേസ്കൂൾ-യുവജനപ്രസ്ഥാനപ്രവർത്തനങ്ങളാണ് നേതൃത്വപരമായ രംഗങ്ങളിൽ പരിശീലനം ലഭിക്കുന്നതിന് എന്നെ സഹായിച്ചത്.

1986ൽ കവിയൂർ ഡിസ്ട്രിക്ട് അദ്ധ്യാപക പ്രതിനിധിയായി എന്നെ തെരഞ്ഞെടുത്തു. മൂന്നു ടേമിലായി 1995 വരെ ഈ സ്ഥാനം വഹിച്ചു. 1986ൽ

---

*അഡ്വ. ബിജു ഉമ്മൻ 2017 ഏപ്രിൽ മുതൽ മലങ്കര അസോസിയേഷൻ സെക്രട്ടറിയായി ചുമതല വഹിക്കുന്നു. കവിയൂർ സ്ലീബാ ഓർത്തഡോക്സ് പള്ളി ഇടവകാംഗം, ഇടവക സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, ഡിസ്ട്രിക്റ്റ് അദ്ധ്യാപക പ്രതിനിധി, സുവിശേഷസംഘം ഡിസ്ട്രിക്ട് ഓർഗനൈസർ, 1994 മുതൽ സഭാ മാനേജിംഗ് കമ്മിറ്റി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ : ആശാ ജേക്കബ് (നിരണം സെന്റ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപിക). മക്കൾ : ക്രിസ്റ്റിനാ മറിയം മാത്യു (കോട്ടയം ബസേലിയോസ് കോളജ് അദ്ധ്യാപിക), ജേക്കബ് എം ഉമ്മൻ (യുഎസ്ടി ഗ്ലോബൽ, തിരുവനന്തപുരം).*

തന്നെ ഉമയാറ്റുകര ഡിസ്ട്രിക്ട് അദ്ധ്യാപക പ്രതിനിധിയായി സഭാചരിത്രഗവേഷകനും ഇപ്പോൾ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ അംഗവും എന്റെ സഹപാഠിയുമായ വർഗീസ് ജോണും തെരഞ്ഞെടുക്കപ്പെട്ടു. (1985ൽ തോട്ടപ്പുഴ പള്ളി ചെങ്ങന്നൂർ ഭദ്രാസനത്തിൽ ചേർത്തു). അന്നു നടന്ന സൺഡേസ്കൂൾ ഭരണഘടനാ ഭേദഗതി പ്രക്രീയയിൽ നിർണായമായ പങ്കു വഹിക്കുന്നതിന് ഞങ്ങൾക്ക് ഒരുമിച്ച് അവസരം ലഭിച്ചു. 1986 മേയ് ഒന്നിനു കൂടിയ ഒഎസ്എസ്എഇ 21-ാം വാർഷിക പൊതുയോഗത്തിലെ ഭരണഘടനാ ഭേദഗതി ചർച്ചയിൽ ഒട്ടേറെ നിർദേശങ്ങൾ ഞങ്ങൾ സമർപ്പിച്ചു. അവയിൽ പ്രധാനപ്പെട്ടതു മാത്രം ഇവിടെ സൂചിപ്പിക്കട്ടെ.

ഡിസ്ട്രിക്ട് കമ്മറ്റിയിലും അസോസിയേഷൻ പൊതുയോഗത്തിലും അംഗത്വമുണ്ടെങ്കിലും 1986 വരെ ഡിസ്ട്രിക്ട് അദ്ധ്യാപക പ്രതിനിധിയ്ക്ക് ഭദ്രാസനതല പ്രവർത്തനത്തിൽ യാതൊരു പങ്കാളിത്തവുമില്ലായിരുന്നു. 1971ലെ ഭരണഘടനാ ഭേദഗതിയോടെ നിലവിൽ വന്ന എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായ ഭദ്രാസന അദ്ധ്യാപക പ്രതിനിധിയുടെ സ്ഥിതിയും ഏകദേശം ഇതു തന്നെയായിരുന്നു. 1986നു മുമ്പുള്ള ഭരണഘടനയിൽ (വകുപ്പ് 21) "ഡയറക്ടർക്ക് ടി ഭദ്രാസനത്തിലെ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ ഉൾപ്പെടുന്ന ഒരു കമ്മറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു" എന്നാണ് പറഞ്ഞിരുന്നത്. ഈ കമ്മറ്റിയിൽ ഭദ്രാസന അദ്ധ്യാപക പ്രതിനിധിയെ കൂടി ഉൾപ്പെടുത്തണമെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി കൊണ്ടുവന്ന ഭേദഗതി നിർദേശത്തിലുണ്ടായിരുന്നു. ഇതിൽ ഡിസ്ട്രിക്ട് അദ്ധ്യാപക പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ നിർദേശിച്ചു. ഈ നിർദ്ദേശം ഭാഗികമായി സ്വീകരിച്ചുകൊണ്ട്, "ഡയറക്ടർക്ക് ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിന് അതാതു ഭദ്രാസനത്തിലെ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർ, ഭദ്രാസനപ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മറ്റിയും, ഇവർ ഉൾപ്പെടെ അദ്ധ്യാപക പ്രതിനിധികൾ ചേർന്നുള്ള ഒരു കൗൺസിലും ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ഈ വകുപ്പ് ഭേദഗതി ചെയ്തു. അദ്ധ്യാപക പ്രതിനിധികളെ ഭദ്രാസന കമ്മറ്റിയിൽ തന്നെ ഉൾപ്പെടുത്തണമെന്ന ഞങ്ങളുടെ വാദം പൂർണ്ണമായി അംഗീകരിക്കപ്പെട്ടില്ലെങ്കിലും 'ഭദ്രാസന കൗൺസിൽ' നിലവിൽ വരുന്നതിന് അത് ഇടയാക്കി. തദനുസരണമായി 31-ാം വകുപ്പിലും (1986ലെ 33-ാം വകുപ്പ്) ആവശ്യമായ മാറ്റം വരുത്തി.

2010ലെ ഭരണഘടനാ ഭേദഗതിയോടെ 'ഡിസ്ട്രിക്ട് അദ്ധ്യാപക പ്രതിനിധി'യെ 'ഡിസ്ട്രിക്ട് സൺഡേസ്കൂൾ സെക്രട്ടറി' എന്നും 'ഭദ്രാസന അദ്ധ്യാപക പ്രതിനിധി'യെ 'ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി' എന്നും പുനർനാമകരണം ചെയ്തതിൽ സന്തോഷിക്കുന്നു. ഭദ്രാസന കമ്മറ്റി, ഭദ്രാസന കൗൺസിൽ എന്നിങ്ങനെയുള്ള ഇരട്ടപ്പാളി ഭരണസംവിധാനം അവസാനിപ്പിച്ച് 'ഭദ്രാസന സൺഡേസ്കൂൾ കൗൺസിൽ' എന്ന ഏകീകൃത ഭരണസംവിധാനം 2016ലെ ഭരണഘടനാ ഭേദഗതിയോടെ (വകുപ്പ് 51) നടപ്പിലാകുമെന്നു പ്രതീക്ഷിക്കുന്നു. ഞങ്ങൾ മൂന്നു പതിറ്റാണ്ടു മുമ്പ് ആരംഭിച്ച ആരോഗ്യകരമായ സംവാദത്തിന് ഇതോടെ ശുഭകരമായ പരിസമാപ്തി ഉണ്ടാകുന്നതിൽ ഏറെ സന്തോഷമുണ്ട്.

ക്രൈസ്തവസഭയിൽ പൊതുവായി സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പു തന്നെ മലങ്കര സഭയിൽ സൺഡേസ്കൂൾ പ്രസ്ഥാനം ഉണ്ടായിരുന്നു എന്നു നാം അവകാശപ്പെടുന്നുണ്ട്. 'സൺഡേസ്കൂൾ' എന്ന പേരിൽ സുസംഘടിതമായി ആരംഭിക്കുന്നതിന് എത്രയോ നൂറ്റാണ്ടു മുമ്പ് വേദപുസ്തകവും വിശ്വാസവും പഠിപ്പിക്കുന്ന അസംഘടിതവും അനൗപചാരികവുമായ സംവിധാനങ്ങൾ നിലനിന്നിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൺഡേസ്കൂൾ. സൺഡേസ്കൂൾ പ്രവർത്തകരാണ് പ്രത്യേകിച്ച് ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരാണ് ഏറ്റവും കൂടുതൽ അദ്ധ്വാനിക്കേണ്ട സഭാസേവകർ എന്നാണ് എന്റെ നിരീക്ഷണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. മറ്റ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടേതെന്നല്ല, മലങ്കരസഭയുടെ തന്നെ പൊതുഭരണ സംവിധാനത്തെക്കാൾ മികച്ച ഭരണസംവിധാനമാണ് സൺഡേസ്കൂൾ പ്രസ്ഥാനത്തിനുള്ളത്. ഒരു മിനി യൂണിവേഴ്സിറ്റിയായി തന്നെ ഇതിനെ കരുതാം.

പല ഇടവകകളുടെയും സ്ഥാപന ചരിത്രം പരിശോധിച്ചാൽ സൺഡേസ്കൂളും പ്രവർത്തകരുമാണ് അതിനു പ്രേരകശക്തിയായതെന്ന് മനസ്സിലാക്കാൻ കഴിയും. തോട്ടപ്പുഴ ഇടവക തന്നെ നല്ല ഉദാഹരണമാണ്. സെക്കുലർ വിദ്യാഭ്യാസത്തിലോ സൺഡേസ്കൂൾ വിദ്യാഭ്യാസത്തിലോ ഉന്നത വിജയം നേടിയവരൊന്നുമല്ല പൂർവകാലത്ത് അദ്ധ്യാപകരായി പ്രവർത്തിച്ചിരുന്നത്. അവരുടെ ദൈവാശ്രയവും പ്രാർത്ഥനാ ജീവിതവും സഭാസ്നേഹവും നിസ്വാർത്ഥ സേവനവും സമർപ്പണ മനോഭാവവും മാതൃകാ ജീവിതവുമായിരുന്നു ഈ പ്രസ്ഥാനത്തെ നിലനിർത്തിയത്. ഇന്നും അവർ ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. കവിയൂർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറായിരുന്ന പോത്തൻ സാറിനേയും എന്റെ പഠന കാലത്തെ ഹെഡ്മാസ്റ്റർമാരെയും അദ്ധ്യാപകരെയും സഹപാഠികളെയും സ്നേഹപൂർവം സ്മരിക്കുന്നു. ●

പാഠപുസ്തക പഠനം

# ക്ലാസ് 9 യൂണിറ്റ് – 1 പാഠം 2

# ചെറിയ പ്രവാചകന്മാർ



**ഫാ. ഏലിയാസ് കെ. വി.**

**ചെ**റിയ പ്രവാചകന്മാർ ഹോശേയ മുതൽ മാലാഖി വരെയുള്ളവരെന്ന് മുൻപാഠത്തിന്റെ ആമുഖത്തിൽ വായിച്ചതാണല്ലോ. ഇവരുടെ പേരുകൾ എഴുതിയ ബാഡ്ജ് തയ്യാറാക്കി ക്ലാസ്സിലെ കുട്ടികൾ അണിയുന്നത് ഈ പേരുകൾ ഓർക്കാൻ സഹായിക്കും. ഈ പ്രവാചകന്മാരുടെ പ്രവർത്തനകാലഘട്ടം മനസ്സിലാക്കുന്നതിന് The Sunday School Vol. 3 No. 4 October - December 2017 ലെ പഴയനിയമ പ്രവാചകന്മാരുടെ കാലാനുക്രമണിക (പേജ് 11 മുതൽ 13 വരെ) നോക്കുക. യിസ്രായേൽ എന്ന രാജ്യത്തിന്റെ ചരിത്രം പഠിക്കുമ്പോൾ വിവിധ ഘട്ടങ്ങളായി മനസ്സിലാക്കണം.

അടിമകളായിരുന്ന ഒരു സംഘം മോശെയുടെ നേതൃത്വത്തിൽ മിസ്രയീമിൽനിന്ന് പുറപ്പെട്ട്, മരുഭൂമിയിലൂടെ പ്രയാണം ചെയ്ത് വാഗ്ദത്തനാടായ കനാനിൽ യോശുവായുടെ നേതൃത്വത്തിൽ പ്രവേശിക്കുന്നതാണ് ഈ ജനതയുടെ സ്വത്വനവീകരണത്തിന്റെ ആദ്യഘട്ടം. ഇവിടെ അടിമകൾ ദൈവജനമായി മാറുന്നു. ഇത് ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ക്രി. മു. 13–ാം നൂറ്റാണ്ടിൽ സംഭവിച്ചു. കനാനിൽ ദേശം വിഭജിച്ച് അവകാശമാക്കിയതിന് ശേഷമുള്ള കാലഘട്ടം ന്യായാധിപന്മാരുടേതാണ്. ഈ കാലം ക്രി. മു. 11–ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളോളം തുടർന്നു. ക്രി. മു. 1020–ലാണ് ആദ്യരാജാവായ ശൗൽ അഭിഷിക്തനാകുന്നത്. തുടർന്ന് ദാവീദ്, ശലോമോൻ എന്നിവരുടെ ഭരണം. ഈ കാലത്തെ ഐക്യ യിസ്രായേൽ രാജ്യമെന്ന് പറയുന്നു. ശലോമോനുശേഷം ക്രി. മു. 925/20–ൽ രാജ്യം വടക്ക് യിസ്രായേൽ എന്നും (10 ഗോത്രങ്ങൾ – ശമര്യ തലസ്ഥാനം) തെക്ക് യഹൂദ (2 ഗോത്രം – യരുശലേം ആസ്ഥാനം) എന്നും രണ്ടായി വിഭജിക്കപ്പെട്ടു. ശമര്യ ആസ്ഥാനമായ യിസ്രായേൽ രാജ്യം ക്രി. മു. 721–ൽ അശ്ശൂരിന് വിധേയമായി. തെക്കേരാജ്യമായ യഹൂദ ക്രി. മു. 587–ൽ ബാബേൽ രാജാവായ നെബുഖദ്നേസ്സറിൽ വിധേയപ്പെട്ടു. ഈ കാലഘട്ടം പ്രവാസകാലഘട്ടം എന്നാണ് അറിയപ്പെടുന്നത്. പാർസിരാജാവായ കോരെശിന്റെ വിളംബര പ്രകാരം യഹൂദന്മാർ പ്രവാസത്തിൽനിന്ന് യരുശലേമിൽ മടങ്ങിയെത്തുന്നുണ്ട്. മടങ്ങിയവർ ക്രി.മു. 515–ൽ നെബുഖദ്നേസ്സർ നശിപ്പിച്ച യരുശലേം ദേവാലയം പുതുക്കിപ്പണിതു. ഇത് രണ്ടാം ദേവാലയം എന്നാണ് അറിയപ്പെടുന്നത്. തുടർന്നുള്ള കാലഘട്ടത്തെ പ്രവാസാനന്തരകാലഘട്ടം എന്നാണ് പരാമർശിക്കുന്നത്. പഴയനിയമത്തിലെ പിൽക്കാല പ്രവാചകന്മാരെക്കുറിച്ച് പഠിക്കുവാൻ ഈ കാലഗണന മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഈ പ്രവാചകന്മാർ വിഭജിതരാജ്യങ്ങളിൽ പ്രവാസത്തിനുമുമ്പും പ്രവാസത്തിലും പ്രവാസാനന്തരവും അവരുടെ ശുശ്രൂഷ നിർവഹിച്ചവരാണ് (ദി സൺഡേസ്കൂളിന്റെ മുൻപ് സൂചിപ്പിച്ച ലേഖനത്തിന്റെ അവസാന ഭാഗം, പേജ് 13 നോക്കുക). ഈ പ്രവാചകന്മാരെല്ലാം അവരവർ ജീവിച്ച കാലഘട്ടത്തെ ശരിയാംവിധം മനസ്സിലാക്കിയവരും സമകാലീന സംഭവങ്ങളെ ദൈവഹിതാനുസരണം വ്യാഖ്യാനിച്ചവരുമാണ്. ഈയൊരാമുഖത്തോടെ നമുക്ക് പാഠം 2 വിശകലനം ചെയ്യാം.

പാഠഭാഗത്ത് പറയുന്ന രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, മത സാഹചര്യങ്ങൾ നന്നായി വായിച്ചുവേണം ക്ലാസ് എടുക്കുവാൻ തയ്യാറാകുന്നത്.

പ്രവാസത്തിനുമുമ്പ് ക്രി.മു. എട്ടാം നൂറ്റാണ്ടിൽ നാല് പ്രവാചകന്മാർ പ്രവചനം നടത്തി. അതിൽ മൂന്നുപേർ ചെറിയ പ്രവാചകന്മാരാണ്: ഹോശേയ, ആമോസ്, മീഖാ, നാലാമത്തേത് വലിയ പ്രവാചകനായ യെശയ്യാവ് (ഒന്നാമൻ). വിഭജിതരാജ്യ

---

*ഫാ. കെ.വി. ഏലിയാസ്*
*വൈദിക സെമിനാരിയിൽ*
*പഴയനിയമ വിഭാഗത്തിലെ*
*അദ്ധ്യാപകനാണ്.*
*സൺഡേസ്കൂൾ കൺട്രോളർ ഓഫ്*
*എക്സാമിനേഷനായി പ്രവർത്തിച്ചു.*
*ഇപ്പോൾ കണ്ടനാട് (ഈസ്റ്റ്)*
*ഭദ്രാസന ഡയറക്ടറാണ്.*

കാലഘട്ടമാണ്. ഈ മൂവരിൽ ആമോസ്, ഹോശേയ എന്നിവർ ശമര്യയിലും (വടക്ക്) മീഖാ യരുശലേമിലും (തെക്ക്) പ്രവചനം നടത്തി.

**അല്പം നിർത്താം.... ചിന്തിക്കാം....**

1. താരതമ്യേന കുറച്ച് അദ്ധ്യായങ്ങൾ മാത്രമുള്ള പ്രവചനപുസ്തകങ്ങളാണ് ചെറിയ പ്രവാചകന്മാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
2. ആമോസ്, ഹോശേയ, മീഖാ എന്നിവർ (യെശയ്യാവിനൊപ്പം) ക്രി.മു. എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാർ എന്നാണറിയപ്പെടുന്നത്. ആമോസ് നീതിപ്രഘോഷകനായിരുന്നു. ഹോശേയ ദൈവസ്നേഹം പ്രവർത്തിയിലാക്കി. മീഖാ യഹോവയുടെ അതുല്യത അറിയിച്ചു.

   ഹോശേയ - യഹോവ സഹായിക്കുന്നു

**അല്പം നിർത്താം.... ചിന്തിക്കാം.....**

1. മൂന്നുതലങ്ങളിൽ ഒന്നാമത്തേത് ദൈവസംബന്ധിയായത്, രണ്ടാമത്തേത് സാമൂഹികവും മതപരവുമായ അധഃപതനം, ഒടുവിലത്തേത് വ്യക്തിജീവിതത്തിലെ അവിശ്വസ്തത.
2. ശലോമോൻ ദൈവബന്ധത്തിലെ അവിശ്വസ്തതയാൽ തെറ്റിപ്പോയി. പുറജാതിരാജ്യങ്ങളെ ആരാധിച്ചു, അവരുടെ മലിനവഴികളിൽ നടന്നു.
3. അനുതപിച്ച് കുറ്റം ഏറ്റുപറഞ്ഞ് (സത്യകുമ്പസാരം) ദൈവമുഖം അന്വേഷിക്കണം എന്നാണ് പ്രവാചകൻ പറയുന്നത്.

പ്രവാസ- പ്രവാസാനന്തര കാലഘട്ടത്തിന്റെ പ്രവാചകന്മാരുടെ കാലഗണന കാലാനുക്രമണികയും പാഠപുസ്തകവും താരതമ്യം ചെയ്തുപഠിക്കുക.

**നമുക്ക് ചിന്തിക്കാം**

1. ക്രി.മു. എട്ടാം നൂറ്റാണ്ട്, വിഭജിത രാജ്യങ്ങൾ രണ്ടും ശക്തമായി നിന്ന കാലഘട്ടമാണ് ചെറിയ പ്രവാചകന്മാരുടെ പ്രവചനം തുടങ്ങുന്ന കാലഘട്ടം.
2. വളരെയധികം കാരണങ്ങൾ യിസ്രായേലിന്റെ അധഃപതനത്തിന് ഇടയാക്കിയിട്ടുണ്ട്. ചിലതൊക്കെ താഴെ കൊടുക്കുന്നു.
   i. ദേശം ദൈവബന്ധത്തിൽ അവിശ്വസ്തത കാണിച്ചു
   ii. വ്യക്തിജീവിതത്തിൽ അവിശ്വസ്തത
   iii. സാമൂഹികവും മതപരവുമായ അധഃപതനം
   iv. ആഢംബരപ്രിയവും ദയാരാഹിത്യവും
   v. ദ്രവ്യാഗ്രഹം, മദ്യപാനം, വിഗ്രഹാരാധന
   vi. അസംതൃപ്തി, പ്രത്യാശയില്ലായ്മ, നിസ്സംഗത

ഇങ്ങനെ മത, സാമൂഹ്യ, വ്യക്തി തലങ്ങളിലെല്ലാം ഉണ്ടായ ജീർണ്ണതകൾ യിസ്രായേലിന്റെ അധഃപതനത്തിനു കാരണമായി ചെറിയ പ്രവാചകന്മാർ (വലിയ പ്രവാചകന്മാരും) എടുത്തുപറയുന്നു.

3. മേൽകാണിച്ചവ മിക്കതും ഇന്നത്തെ ലോകത്തും സംഭവിക്കുന്നുണ്ട്. വ്യക്തികേന്ദ്രിതവും സ്വാർത്ഥപൂരിതവുമായ ആരാധനരീതികൾ, ധാർമ്മികത കൈവിട്ട കുടുംബ - മത ജീവിതം, പണം മാത്രം ദൈവമായി കരുതുന്ന ഭൗതികതയിൽ മാത്രം ശ്രദ്ധ തോന്നുന്ന സാമൂഹ്യസാഹചര്യം ഇങ്ങനെ പലമേഖലകളിലും ഇന്നത്തെ സമൂഹവും കടന്നുപോകുന്നു.
4. പ്രവാസത്തിൽനിന്ന് മടങ്ങിവന്ന ജനം യരുശലേമിലെ ദൈവാലയം പണിയാതെ, സ്വഭവനങ്ങളെ മോടിപിടിപ്പിക്കുമ്പോൾ ദൈവാലയനിർമ്മാണത്തിന് ജനത്തെ പ്രോത്സാഹിപ്പിക്കുകയും അതാണ് ദൈവഹിതമെന്ന് അറിയിക്കുകയുമാണ് ഹഗ്ഗായി പ്രവാചകൻ ചെയ്തത്.

**പ്രവർത്തനങ്ങൾ**

1. നീതി, ന്യായം, ദയാതല്പരത, താഴ്മ/വിനയം, ദോഷംവിട്ടകലുക എന്നീ കാര്യങ്ങളാണ് ആമോസ് 5:24; മീഖാ 6:8; യെശയ്യാ 1:15-16 എന്നീ വാക്യങ്ങൾ സൂചിപ്പിക്കുന്ന വിഷയങ്ങൾ. പ്രാർത്ഥന ദൈവം ശ്രവിക്കണമെങ്കിൽ ഇവ പ്രവർത്തിപഥത്തിൽ കൊണ്ടുവരണമെന്നാണ് ക്ലാസ്സിൽ ചർച്ച ചെയ്യുക.
2. ഓരോ വിദ്യാർത്ഥിയോടും ഇതിലേതെങ്കിലും വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കാൻ ആവശ്യപ്പെടാം. വേദഭാഗം നല്ലപോലെ മനസ്സിലാക്കണം. ആനുകാലിക സാഹചര്യങ്ങളോടുള്ള പ്രതികരണമാകണം പ്രസംഗം.
3. ആമോസ് 5:24

   "ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ" ("Let justice roll down like waters and righteousness like an everflowing stream")

   മീഖാ. 6:8

   "മനുഷ്യാ നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?" ("He has told you, O mortal, what is good; and what does the Lord require of you but to do justice, and to love kindness, and to walk humbly with your God?")

4. ഹോശേയ 6:6 "യാഗത്തിലല്ല ദയയിലും ഹോമയാഗങ്ങളെക്കാൾ ദൈവപരിജ്ഞാനത്തിലും ഞാൻ പ്രസാദിക്കുന്നു"

അർത്ഥമറിഞ്ഞുള്ള അനുഷ്ഠാനങ്ങൾ, പരസ്നേഹത്തിന്റെ പ്രകടനങ്ങളാകുന്ന ആരാധന, നീതിനിഷ്ഠമായ ഇടപെടലുകൾ എന്നീ വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യാം (ഇത് സൂചികമായി കണ്ടാൽ മതിയാകും). 5, 6, 7 എന്നിവ അദ്ധ്യാപകൻ ഈ പ്രവചന ഗ്രന്ഥങ്ങളെ വായിച്ച് മനസ്സിലാക്കിയശേഷം വിദ്യാർത്ഥികളെക്കൊണ്ട് ചെയ്യിക്കാവുന്നതേയുള്ളൂ. പഠിക്കുമ്പോഴും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

1. പ്രവാചകന്റെ പേര്
2. ഏതുകാലഘട്ടത്തിൽ ജീവിച്ചു/പ്രവചിച്ചു
3. അന്നത്തെ രാഷ്ട്രീയ സാഹചര്യം എന്തായിരുന്നു
4. പ്രവാചകന്റെ പ്രവർത്തനമേഖല (Geographical location) എവിടെയായിരുന്നു
5. ചരിത്ര, മത, സാമൂഹ്യ പശ്ചാത്തലം എന്തായിരുന്നു.
6. ആ സാഹചര്യത്തിൽ പ്രവാചകൻ നൽകിയ സന്ദേശം എന്തായിരുന്നു
7. ആ സന്ദേശത്തിന് ഇന്ന് എന്തു പ്രസക്തി

ഇക്കാര്യങ്ങളെല്ലാം വിശകലനം ചെയ്തശേഷമാകണം പ്രവർത്തനങ്ങളിൽ 6, 7 എന്നിവ ചെയ്യിക്കുവാൻ. ●

## സംശയനിവാരണം

***തുമ്പമൺ സൺഡേസ്കൂൾ അധ്യാപകൻ കെ. സി. ജോർജ് സാർ അയച്ചുതന്ന ചോദ്യത്തിന്റെ മറുപടി.***

എബ്രായ വേദപുസ്തകത്തിൽ (പഴയനിയമം) ദാനിയേൽ, പുതിയനിയമത്തിൽ വെളിപ്പാട് എന്നീ രണ്ടുപുസ്തകങ്ങൾ വെളിപ്പാടു സാഹിത്യശൈലിയിലുള്ളവയാണ്. വെളിപ്പാടുസാഹിത്യത്തിന് യവന ഭാഷയിൽ (ഗ്രീക്ക്) പറയുന്ന പേരാണ് അപ്പൊക്കലിപ്റ്റിസ്. അതുകൊണ്ട് ദാനിയേലും വെളിപ്പാടും അപ്പൊക്കലിപ്റ്റിക്കൽ കൃതിയാണ് എന്ന് പത്താം ക്ലാസ്സിലെ പരാമർശം ശരിയാണ്.

യഹൂദന്മാർ യവനചക്രവർത്തിമാരുടെ പീഢനത്തിൽ വിധേയമായ കാലമാണ് (ക്രി. മു. രണ്ടാം നൂറ്റാണ്ട്) ഈ സാഹിത്യശൈലിയുടെ തുടക്കം. ക്രിസ്ത്യാനികൾ റോമാക്കാരുടെ പീഢനമേറ്റകാലത്തും (ക്രി. വ. 1, 2 നൂറ്റാണ്ട്) ഈ സാഹിത്യശൈലിയിൽ എഴുത്തുകൾ ഉണ്ടായിട്ടുണ്ട്. യഹൂദന്മാർ പീഢനമേറ്റ കാലത്ത് രചിക്കപ്പെട്ടവയിൽ ദാനിയേലിന്റെ പുസ്തകവും, ക്രിസ്ത്യാനികളുടെ പീഢനകാലത്തുനിന്നു വെളിപ്പാടു പുസ്തകവും വേദപുസ്തക കാനോന്റെ ഭാഗമായി. എന്നാൽ ഈ നാലുനൂറ്റാണ്ടുകളിൽ (ക്രി.മു. രണ്ടാം നൂറ്റാണ്ട് മുതൽ ക്രി.വ. രണ്ടാം നൂറ്റാണ്ടുവരെ) വെളിപ്പാടു സാഹിത്യശൈലിയിലുള്ള മറ്റനേകം ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.

2015-ലെ പത്താം ക്ലാസ്സിലെ 15-ാം ചോദ്യത്തിന് 'ദാനിയേൽ' എന്നു തന്നെയാണുത്തരം.

പുതിയനിയമത്തിലെ പ്രവചനപുസ്തകമാണ് വെളിപ്പാട് എന്ന പത്താംക്ലാസ്സിലെ പാഠഭാഗത്തെ പരാമർശനത്തോട് ചേർന്നുവായിക്കുമ്പോൾ ദാനിയേലിന്റെ പുസ്തകവും പ്രവചനഗ്രന്ഥം തന്നെ. അതുകൊണ്ട് പൗരസ്ത്യസഭകൾ ഇതിനെ പ്രവചനഗ്രന്ഥങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി. എന്നാൽ സാഹിത്യശൈലിക്ക് പ്രാമുഖ്യം നൽകുമ്പോൾ, ഇവ പ്രവചനം എന്നതിനേക്കാൾ ആനുകാലിക ചരിത്രസംഭവങ്ങളോടുള്ള നിഗൂഢഭാഷയിലുള്ള പ്രതികരണങ്ങളായാണ് വ്യാഖ്യാനിക്കുക. ദാനിയേലിന്റെ പുസ്തകം ബാബേൽ പ്രവാസമാണ് പശ്ചാത്തലമാക്കുന്നതെങ്കിലും യഥാർത്ഥചരിത്ര കാലഘട്ടം ക്രി. മു. രണ്ടാം നൂറ്റാണ്ടിൽ യഹൂദന്മാർ നേരിടേണ്ടിവന്ന യവനപീഢനമാണ്. മക്കാബ്യരുടെ നേതൃത്വത്തിലുള്ള യുദ്ധവും യവനരാജാവായ അന്ത്യോഖ്യസ് എപ്പിപ്പാനോസ് IV-ന്റെ പരാജയവും, ദേവാലയ പുനഃപ്രതിഷ്ഠയുമെല്ലാമാണ് ഈ പുസ്തകം യഥാർത്ഥത്തിൽ വരച്ചുകാണിക്കുന്നത്.


മാത്രവുമല്ല യഹൂദപാരമ്പര്യപ്രകാരം യിസ്രായേലിൽ പ്രവചനം ക്രി. മു. നാലാം നൂറ്റാണ്ടോടു കൂടി അവസാനിച്ചു. അതുകൊണ്ട് ആ കാലത്തിനുശേഷം രചിക്കപ്പെട്ട ഗ്രന്ഥങ്ങളെ കാനോന്റെ ഭാഗഭാക്കാക്കുന്നതുപോലും വിവാദമായിരുന്നു. അഥവാ ഉൾപ്പെടുത്തിയാൽപ്പോലും അതിനെ പ്രവചന ഗ്രന്ഥങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയുമില്ല. അങ്ങനെയാണ് ദാനിയേലിന്റെ പുസ്തകത്തെ പ്രവചനഗ്രന്ഥത്തിന് പുറത്താക്കിയത്.

ഭാഷാശൈലി, രചനാകാലഘട്ടം എന്നിവ പരിഗണിച്ച് പ്രൊട്ടസ്റ്റന്റ് പാശ്ചാത്യസഭകൾ ദാനിയേലിന്റെ ഗ്രന്ഥത്തെ പഴയനിയമത്തിന്റെ മൂന്നാമത്തെ വിഭാഗത്തിൽ – എഴുത്തുകൾ പെടുത്തിയിരിക്കുന്നു.

(ഇനിയും സംശയം ബാക്കിനിൽക്കുന്നുവെങ്കിൽ നേരിൽ സംസാരിക്കുകയോ മറ്റോ ആകും ഫലപ്രദം. എഴുത്തിൽ പരിമിതിയുണ്ട്. സംവാദവും സംശയനിവാരണവും ഒരു പരിധിവരെയല്ലേ സാധ്യമാകൂ.)

19-11-2018 ഫാ. ഏലിയാസ് കെ. വി.

# ദാനിയേലിനുണ്ടായ ദർശനവും വെളിപ്പാടിൽ യോഹന്നാനുണ്ടായ ദർശനവും ഒരു താരതമ്യ പഠനം



**പ്രൊഫ. ടി.എം. മാത്യു, തൈക്കടവിൽ**

**കോ**ട്ടയം സെൻട്രൽ ഭദ്രാസന ഡയറക്ടറായിരുന്ന ദിവംഗതനായ മാണി പി. ചെറിയാൻ സാർ ചില വർഷങ്ങൾക്ക് മുൻപ് മാർ ഏലിയാ കത്തീഡ്രലിൽ ഒരു അദ്ധ്യാപക പരിശീലന ക്യാമ്പ് ക്രമീകരിച്ചു. മൂന്നുദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പായിരുന്നു അത്. ക്ലാസ്സുകൾ എടുക്കുന്നതിന് പുറത്തുനിന്ന് ആരെയും ക്ഷണിക്കേണ്ടെന്നും സെൻട്രൽ ഭദ്രാസനത്തിലെ അദ്ധ്യാപകർ തന്നെ ക്ലാസ് എടുത്താൽ മതിയെന്നും തീരുമാനിച്ചതനുസരിച്ച് ഒരു ക്ലാസ്സ് എടുക്കുവാൻ എന്നെയും തെരഞ്ഞെടുത്തു. "ദാനിയേൽ പ്രവചനം" എന്ന പുസ്തകമായിരുന്നു എനിക്ക് നറുക്കു വീണത്. വളരെ ലാഘവത്തോടെയാണ് ഞാൻ ദൗത്യം ഏറ്റെടുത്തത്. എന്നാൽ ആ പുസ്തകം പഠിക്കാൻ തുടങ്ങിയപ്പോളാണ് അതിന്റെ ആഴവും സങ്കീർണ്ണതയും എനിക്കു മനസ്സിലായത്. പുതിയനിയമത്തിലെ വെളിപ്പാടുപോലെ തന്നെയാണ് പഴയനിയമത്തിലെ ദാനിയേൽ പ്രവചനം. ദൈവാത്മ സഹായത്താൽ ലഭിക്കുന്ന മനകാഴ്ചകൾ, സ്വപ്നങ്ങൾ, ദർശനങ്ങൾ, വെളിപ്പാടുകൾ, അരുളപ്പാടുകൾ തുടങ്ങിയവയെല്ലാം അതിലുണ്ട്. ദാനിയേൽ അസ്സീറിയായുടെ വലിയ നദി എന്നറിയപ്പെടുന്ന ടൈഗ്രിസ് നദി തീരത്തുവച്ച് താൻ തേജസ്കരിക്കപ്പെട്ട മനുഷ്യപുത്രന്റെ ദർശനം കാണുന്നു. ഈ ദർശനം പത്മോസ് ദ്വീപിൽ ആയിരുന്നപ്പോൾ യോഹന്നാൻ കാണുന്ന ദർശനവും തമ്മിൽ വളരെ സാമ്യമുണ്ടെന്ന് കാണാം.

| **ദാനിയേലിനുണ്ടായ ദർശനം (ദാനി. 10:5-8)** | **യോഹന്നാനുണ്ടായ ദർശനം (വെളി. 1:13-17)** |
|---|---|
| 1. ശണവസ്ത്രം ധരിച്ചതും അരക്കു ഊഫാസ്തങ്കം കൊണ്ട് അരക്കച്ച കെട്ടിയിരിക്കുന്നവൻ (10:5) | 1. നിലയങ്കി ധരിച്ചു പൊൻകച്ച കെട്ടിയവനായി (1:13) |
| 2. തന്റെ ദേഹം ഗോമേദകം പോലെ മുഖം മിന്നൽ പ്രകാശം പോലെയും കണ്ണ് തീപ്പന്തം പോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെ (10:6) | 2. മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെയും, കണ്ണ് അഗ്നി ജ്വാലയ്ക്കൊത്തതും കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ചതുമായ വെള്ളോടിന് സദൃശ്യം (1:14) |
| 3. അവന്റെ വാക്കുകളുടെ ശബ്ദം പുരുഷാരത്തിന്റെ ആരവംപോലെ (10:8) | 3. അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ (1:15) |
| 4. ദാനിയേലിന്റെ മുഖശോഭ ക്ഷയിച്ചു ബലം ഇല്ലാതെയായി (10:8) | 4. സ്വർഗ്ഗീയ ദർശനത്താൽ യോഹന്നാൻ മരിച്ചവനെ പോലെയായി (1:16) |

ദാനിയേലിന്റെ ദർശനത്തിൽ താൻ മാത്രമാണ് ഈ ദർശനം കാണുന്നത്. തന്നോടുകൂടി ഉണ്ടായിരുന്നവർ അതു കണ്ടില്ല. ദർശനം കണ്ട് ബലമില്ലാതെ നിലത്തുവീണ ദാനിയേലിനെ ഒരു കൈ തൊട്ടു വിറയലോടെ നിൽക്കുമാറാക്കി.

ദർശനത്താൽ മരിച്ചവനെപ്പോലെയായ യോഹന്നാൻ മേലും കൈവച്ച് എഴുന്നേല്പിച്ചു നിർത്തി. ഇവിടെ മനുഷ്യപുത്രനായ ക്രിസ്തുവിനെക്കുറിച്ചാണ് കാണുന്നത്. മാത്രമല്ല ഭയപ്പെടേണ്ട എന്നുകൂടി അരുളി ചെയ്തിരിക്കുന്നു. ദാനിയേലിനെ വിളിക്കുന്നത് ഏറ്റവും പ്രിയ പുരുഷനായ ദാനിയേലേ എന്നാണ്. ഏറ്റവും പ്രിയ പുരുഷനായ ദാനിയേലിനോടുള്ള സ്നേഹത്തെ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

---

*അൻപത്തിയഞ്ച് വർഷം ദേവലോകം കാതോലിക്കേറ്റ് സൺഡേസ്കൂൾ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പതിനഞ്ച് വർഷക്കാലം കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. ബസ്സേലിയോസ് കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ അദ്ധ്യാപകനായിരുന്നു. സുവിശേഷപ്രവർത്തനങ്ങളിലും എൻ.എ.എം.എസ്.ന്റെ പ്രവർത്തനങ്ങളിലും ഇപ്പോഴും വ്യാപൃതനാണ്.*

**ദാനിയേൽ പ്രവചനം ഒരു പഠനം**

**എഴുത്തുകാരൻ**

ദാനിയേൽ തന്നെ ഈ പ്രവചന പുസ്തകം എഴുതിയതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അതിന്റെ കർത്തൃത്വത്തെപ്പറ്റി സംശയത്തിന് ഇട നൽകുന്നില്ല (ദാനി. 12:4). യഹൂദാ പാരമ്പര്യവും ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവായി ദാനിയേലിനെ കരുതിപോന്നു. യേശുക്രിസ്തുവും മത്തായി 24:15-ൽ ദാനിയേൽ പ്രവചനം ഉദ്ധരിക്കുന്നതായി കാണുന്നു. ആകയാൽ ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ദാനിയേൽ തന്നെയെന്ന് ഉറപ്പാണ്.

**എഴുതപ്പെട്ടകാലം**

ബി.സി. 535

ബി.സി. 605-539 വരെ നടന്ന കാര്യം ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ദൂത്**

അഖിലാണ്ഡാടിസ്ഥാനത്തിൽ ദൈവത്തിന്റെ പരമാധികാരം

**ആർക്കുവേണ്ടി എഴുതി**

ബാബേലിൽ പ്രവാസികളായി പാർക്കുന്നവർക്കും സകല ദൈവജനത്തിനുവേണ്ടി എഴുതിയിരിക്കുന്നു

**താക്കോൽ വാക്യം**

ദാനി. 2:22

**ദാനിയേൽ പ്രവചനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള പരാമർശം**

1. സർവ്വലോക രാജ്യങ്ങളെയും തകർത്ത് ഉടയ്ക്കുന്ന കല്ല് (ദാനി. 2:34, 35, 45)
2. സർവ്വാധികാരം പ്രാപിച്ച മനുഷ്യപുത്രൻ (7:13, 14)
3. ഛേദിക്കപ്പെടുന്ന അഭിഷിക്തൻ (9:25, 26)

**പ്രധാന അദ്ധ്യായം**

9-ാം അദ്ധ്യായം 70 ആഴ്ചവട്ടമെന്ന കാല സംഖ്യ

**സ്ഥിതിവിവര കണക്കുകൾ**

12 അദ്ധ്യായങ്ങൾ
357 വാക്യങ്ങൾ
16 ചോദ്യങ്ങൾ
79 നിവൃത്തിയായ പ്രവചനങ്ങൾ
60 നിവൃത്തിയാകുവാനുള്ള പ്രവചനങ്ങൾ

**പുസ്തകത്തിലെ പ്രധാന വ്യക്തികൾ**

| **എബ്രായ നാമം** | | **ബാബിലോണ്യനാമം** |
|---|---|---|
| ദാനിയേൽ | - | ബേൽത്ശസ്സർ |
| ഹനന്യാവ് | - | ശദ്രക്ക് |
| മിശായേൽ | - | മേശക്ക് |
| അസരിയാവ് | - | അബേദ്നെഗോ |

യെഹൂദാരാജാവായ യെഹോയാക്കിൽ
ബാബേൽ രാജാവായ നെബുഖദ്നേസ്സർ
അശ്പെനാസ് എന്ന ഷണ്ഡാധിപൻ
ബേൽശസ്സർ രാജാവ്
മേദ്യരാജാവായ ദാര്യാവേശ്
പാർസിരാജാവ് കോരെശ്

**വെളിപ്പാട് പുസ്തകം ഒരു പഠനം**

വേദപുസ്തകത്തിലെ അവസാനപുസ്തകമായ വെളിപ്പാടിൽ ഇരുപത്തിരണ്ട് അദ്ധ്യായങ്ങളും നാന്നൂറ്റിനാല് വാക്യങ്ങളും ഉൾക്കൊള്ളുന്നു. മനസ്സിലാക്കാൻ പ്രയാസമാണെന്നുള്ള ധാരണയിൽ പലരും വായിക്കാതെയും പഠിക്കാതെയും ഒഴിവാക്കുന്ന ഒരു പുസ്തകമാണിത്. അപ്പോക്കാലുപ്സിസ് (Apokalupsis) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് വെളിപ്പാട് എന്ന പേരുണ്ടായത്. ആ വാക്കിന് കണ്ടുപിടിത്തം, അനാച്ഛാദനം, രഹസ്യം വെളിപ്പെടുത്തൽ, മറഞ്ഞിരിക്കുന്നത് കാണിക്ക എന്നിങ്ങനെ നിരവധി അർത്ഥങ്ങളുണ്ട്. ഇത് ഒരു പ്രവചനമാണ്.

**ഗ്രന്ഥകാരൻ**

ഈ പുസ്തകത്തിന്റെ ഗ്രന്ഥകാരൻ ദൈവത്തിന്റെ ദാസനായ യോഹന്നാൻ ആണെന്ന് ആദ്യ വാക്യത്തിൽത്തന്നെ കാണുന്നു.

**എഴുതിയകാലം**

എ.ഡി. 94-നും 96നും ഇടയിൽ

**എഴുതിയ സ്ഥലം**

കുന്നുകളും മലകളും പാറക്കെട്ടുകളുമുള്ള പത്മോസ് ദ്വീപിൽ വച്ചാണ് ഈ പുസ്തകം എഴുതിയത്.

**പുസ്തക ഘടന**

1. യോഹന്നാൻ കണ്ട ദൈവപുത്രന്റെ ദർശനം
2. ഇപ്പോൾ ഉള്ളത് ഏഴുസഭകൾക്കുള്ള ദൂത്
3. ഇനി സംഭവിപ്പാനുള്ളത്

**നാലു മുതലുള്ള അദ്ധ്യായങ്ങൾ യുഗാന്ത്യസംഭവങ്ങൾ**

1. ഏഴു മുദ്രകൾ
2. ഏഴ് കാഹളങ്ങൾ
3. മഹാസർപ്പവും കുഞ്ഞാടും
4. ഏഴ് ബാധകൾ (കലശങ്ങൾ)
5. ബാബിലോണിന്റെ പതനം
6. കർത്താവിന്റെ രണ്ടാമത്തെ വരവ്
7. ലോകാവസാനം

**ദർശനം**

13-ാം അദ്ധ്യായത്തിൽ മനുഷ്യപുത്രൻ തേജസ്സോടുകൂടി വരുന്നതിനെക്കുറിച്ച് കർത്താവ് പ്രഖ്യാപിച്ചു. അത് എപ്പോഴാണ് എന്നറിയാൻ ആഗ്രഹിച്ച ശിഷ്യന്മാരോട് കർത്താവ് പറഞ്ഞ വാക്ക് ശ്രദ്ധേയമാണ്. ആ നാളും നാഴികയും

സംബന്ധിച്ചോ പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല (മർക്കൊസ് 13:22).

**ഓർത്തഡോക്സ് സഭയും വെളിപ്പാട് പുസ്തകവും**

പാശ്ചാത്യ, പൗരസ്ത്യ, സുറിയാനി പാരമ്പര്യങ്ങളിൽ യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, യൂദാ, വെളിപ്പാട് എന്നീ പുസ്തകങ്ങളിൽ നിന്നുള്ള വായനകൾ വേദവായന കുറിപ്പിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഏ.ഡി. 300–നും 450–നും ഇടയിൽ അലക്സാന്ത്രിയായിലെ കൂറിലോസ്, അത്താനാസ്യോസ് നിസ്സായിലെ ഗ്രിഗോറിയോസ് മുതലായ പിതാക്കന്മാർ വെളിപ്പാട് പുസ്തകം കാനോനിക ഗ്രന്ഥമായി അംഗീകരിച്ചിരുന്നു. അക്കാലത്ത് പ്രസിദ്ധീകരിച്ച വേദവായന കുറിപ്പിൽ വെളിപ്പാട് പുസ്തകത്തിൽനിന്നുള്ള വേദഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സഭയായി ഈ പുസ്തകത്തിന്റെ പഠനം നിരുത്സാഹപ്പെടുത്തുവാൻ ശരിയായ കാരണമുണ്ട്. നൂതനമായ നിരവധി വ്യാഖ്യാനങ്ങൾ ഈ പുസ്തകത്തെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലധികവും വിശ്വാസികളെ ചിന്താക്കുഴപ്പത്തിലാക്കുന്നതും ചിലർ സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ച് പോകാൻ ഇടയാക്കുന്നതുമാണ്. പല വേദവിപരീത ഉപദേശങ്ങൾക്കും അവർ ആധാരമായി ഉപയോഗിക്കുന്നത് വെളിപ്പാട് പുസ്തകമാണ്. ആയതിനാൽ വളരെ ശ്രദ്ധയോടുകൂടിയ വായനയും ബുദ്ധിപരമായ വിവേചനവും ഈ പുസ്തകം മനസ്സിലാക്കുവാൻ ആവശ്യമാണ്. •

## സുറിയാനി സഭകൾ

സുറിയാനി ആരാധനാഭാഷയായി ഉപയോഗിച്ചിരുന്നവരോ ഇപ്പോൾ ഭാഗികമായോ പൂർണ്ണമായോ ഉപയോഗിക്കുന്നവരോ ആയ സഭാസമൂഹങ്ങൾക്ക് 'സുറിയാനി സഭകൾ' (Syriac Churches) എന്നു പൊതുവെ പറയാം.

സുറിയാനി സഭകളെ വിശ്വാസാടിസ്ഥാനത്തിൽ പലതായി തിരക്കാം. താഴെ ഒന്നാമതു പറയുന്ന സഭാ വിഭാഗം നെസ്തോറിയരും 7, 8 എന്നീ വിഭാഗങ്ങൾ ഓർത്തഡോക്സ് സഭകളും 9-ാമത്തെ വിഭാഗം ഓർത്തഡോക്സ് വിശ്വാസമുള്ള സ്വതന്ത്ര സഭയും 10-ാമത്തെ വിഭാഗം നവീകരണ വിശ്വാസികളുമാണ്.


ശേഷിച്ച സഭാവിഭാഗങ്ങൾ റോമൻ കത്തോലിക്കാ സഭയിലെ പൗരസ്ത്യ റീത്തുകളാണ്. ഈ വിഭാഗങ്ങളെ വീണ്ടും രണ്ടായി തിരിക്കാം. 2, 3 റീത്തുകൾ കൽദായ (പൗരസ്ത്യ സുറിയാനി) റീത്തിന്റെയും 4, 5, 6 റീത്തുകൾ അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) റീത്തിന്റെയും ഉപവിഭാഗങ്ങളാണ്.

ആരാധനാഭാഷയുടെയും ആരാധനാക്രമങ്ങളുടെയും അടിസ്ഥാനത്തിൽ സുറിയാനി സഭകളെ രണ്ടായി തിരിക്കാം. ആദ്യത്തെ മൂന്നു വിഭാഗങ്ങൾ പൗരസ്ത്യ (കൽദായ) സുറിയാനിയും മറ്റുള്ളവർ പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനിയും ഉപയോഗിക്കുന്നു. അതുപോലെ ആദ്യത്തെ മൂന്നു വിഭാഗങ്ങൾ കൽദായ ക്രമവും ശേഷിച്ചവർ അന്ത്യോഖ്യൻ ക്രമവും അടിസ്ഥാനമായി സ്വീകരിക്കുന്നു. ഓരോ വിഭാഗവും ചില ഭേദപ്പെടുത്തലുകളും പരിഷ്കാരവും വരുത്തിയിട്ടുണ്ടെന്നു മാത്രം.

സുറിയാനി സഭകളും അവയുടെ തലവന്മാരുടെ പേരും ആസ്ഥാനവും താഴെ ചേർക്കുന്നു:

1. പൗരസ്ത്യ അസിറിയൻ സഭ (നെസ്തോറിയൻ സഭ) - രണ്ടു കക്ഷികൾ. കേരളത്തിലെ പൗരസ്ത്യ കൽദായ സുറിയാനി സഭ (തൃശൂർ) എർബിൽ ആസ്ഥാനമായ കക്ഷിയിൽ ഉൾപ്പെടുന്നു.
   (1) മാർ ഗീവർഗീസ് III സ്ലീവാ കാതോലിക്കോസ് - പാത്രിയർക്കീസ് (എർബിൽ, ഇറാക്ക്).
   (2) മാർ അദ്ദായി II ശീമോൻ ഗീവർഗീസ് കാതോലിക്കോസ് - പാത്രിയർക്കീസ് (ബാഗ്ദാദ്, ഇറാക്ക്)
2. സീറോ - കാൽഡിയൻ റീത്ത് (കൽദായ കത്തോലിക്കാ സഭ)
   കർദിനാൾ മാർ ലൂയിസ് റഫായേൽ I സാകോ പാത്രിയർക്കീസ് (ബാഗ്ദാദ്, ഇറാക്ക്)
3. സീറോ - മലബാർ റീത്ത് (സുറിയാനി കത്തോലിക്കാ സഭ)
   മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി (എറണാകുളം, ഇൻഡ്യ)
4. സീറോ - അന്ത്യോഖ്യൻ റീത്ത് (അന്ത്യോഖ്യൻ സിറിയൻ കത്തോലിക്കാ സഭ)
   മാർ ഇഗ്നാത്തിയോസ് യൗസേഫ് III യൗനാൻ പാത്രിയർക്കീസ് (ബെയ്റൂട്ട്, ലബനൻ)
5. സീറോ - മലങ്കര റീത്ത് (മലങ്കര സുറിയാനി കത്തോലിക്കാ സഭ)
   മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് (തിരുവനന്തപുരം, ഇൻഡ്യ)
6. സീറോ - മാറോനൈറ്റ് റീത്ത് (മാറോനൈറ്റ് കത്തോലിക്കാ സഭ)
   കർദിനാൾ മാർ ബഷാറാ ബുത്രോസ് അൽ റായ് പാത്രിയർക്കീസ് (ബ്കിർകി, ലബനൻ)
7. സിറിയക് ഓർത്തഡോക്സ് സഭ (അന്ത്യോഖ്യൻ സഭ)
   മാർ ഇഗ്നാത്തിയോസ് അപ്രേം II, അന്ത്യോഖ്യാ പാത്രിയർക്കീസ് (ഡമാസ്കസ്. സിറിയ)
8. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
   മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II, പൗരസ്ത്യ കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ (കോട്ടയം, ഇൻഡ്യ)
9. മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ സഭ)
   സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ (തൊഴിയൂർ, ഇൻഡ്യ)
10. മലങ്കര മാർത്തോമ്മാ സുറിയാനി സഭ
   ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ (തിരുവല്ലാ, ഇൻഡ്യ)

VJT



# The Sunday School Movement : Blooming or Withering ?

**Prof. Jacob Kurian Onattu**

I became a Sunday School teacher when I was barely 17. Now, at 59, I am still teaching my 10th class pupils at the Njaliakuzhy parish. For 5–6 years, when I was staying at Kottayam town, I didn't teach in Sunday School. I returned to SS teaching only when my children were old enough to attend classes. Altogether, I must have taught in Sunday School for three and a half decades. Frankly, I feel that over the years, Sunday School teaching has lost its sheen. This doesn't mean that our leadership is incompetent or the curriculum is ill-planned. It is all because of the spirit of the times. In the changed selfish, consumerist, materialistic society, parents and pupils do not attach great importance to Sunday School and the values it teaches. Of course, we teachers may not be as committed and motivated as our previous generations. But the main reason why the Sunday School Movement is withering these days is the apathy of the parents and the children.

To tell the truth, these days I am not experiencing the inner satisfaction which I used to get from Sunday School teaching in my younger days. Some of my former pupils (including Fr. Dr. Bijesh Philip, Principal, Nagpur Seminary and Fr. Paul P. Thomas, Devalokam Aramana Office) used to get many prizes at All Malankara level. Now too our pupils get prizes and distinctions. But neither they, nor ourselves are as much thrilled about the great achievements as in yesteryears. In the good old days, our poor village parish could not even provide the T. A. for taking children to distant places for competitions. Now the parish and the Sunday School have no dearth for funds. But the thrill is all gone. This is not the situation in my parish alone. Everywhere, the story is almost the same.

I have been fortunate to travel to many countries where there are Malayalee Orthodox congregations, as guest speaker. These include the United States, Australia, Malaysia, Singapore and most Gulf countries. I have addressed some Sunday School classes and prayer fellowship meetings in these countries as also in many Indian cities outside Kerala. The only places where I felt Sunday School teaching is seriously taken up are the Gulf Countries. The number of children attending SS classes in some Gulf parishes is astounding. And the dedication and seriousness of the teachers deserve special mention. The Gulf parents know that sooner or later, they will be required to come back to Kerala. The only places where their children can get a taste of our values and ethos are the church and the Sunday School. So the parents give great importance to church service and Sunday School classes, sometimes driving down hundreds of kilometres. But, sadly enough, the parents back home in Kerala are not equally concerned. They attach more importance to the children's secular education and the

---

*Prof. Jacob Kurian Onattu*
*is a teacher of Njaliyakuzhi Mar Gregoriose Sunday School, Retired Principal of Baselious College, Kottayam He won the best principal award. At present, Member of Malankara Orthodox Sabha Working Committee*

entrance coaching regimens. Like Noah is a famous English poem, the typical Kerala parent sips his wine while water is rising around his ark, nonchalantly saying, “I don’t care as long as the water doesn’t get into the wine I drink !”

Last year (on 21st April 2017 to be precise), I had the good fortune to be the key-note speaker for the 33rd Annual Sunday School Teachers’ Conference, UAE Zone, which was held at St. Thomas Orthodox Cathedral, Dubai. About 250 Sunday School Teachers drawn from the seven Emirates came and attended the conference. Many of them drove down from far away Emirates and sat up till the whole programme came to a close at about 5 pm. The arrangements were superb and the group discussions were spirited. Never did I witness such sense of purpose in any of our conferences in India. If such passionate commitment is there, the Sunday School Movement can get back its lost sheen. (In another issue, I shall share with you the topics I gave them for discussion which are somewhat relevant in our situation too.)

Our current Sunday School and OVBS study materials are well–prepared. (I do admit that some of the earlier books were dry and failed to enthuse the children.) But the modern children, living in the midst of latest gadgetry and all by-products of electronic media are not easily fascinated by the word of God and its interpretations. Therefore, better strategies should be devised to make Sunday School teaching more student–centric and appealing.

Most of our priests are busy and exhausted after the Holy Qurbana on Sunday mornings. Many don’t even visit the Sunday Schools regularly. Without the direct involvement of the priests, Sunday Schools cannot thrive. The only Sunday School where I found an active PTA is the Nilackal Sunday School, Puthuppally. If parents everywhere would attend PTA meetings and listen closely to what the teachers have got to say, much improvement can be brought about in our Children’s Ministry. Today’s children are tomorrow’s church leaders. So we must not allow the Sunday School Movement to fade and wither away. ●

---

*(6–ാം പേജിൽനിന്നു തുടർച്ച)*

ഒന്നായി സൺഡേസ്കൂളിന് ഒരു ഊന്നൽ ഉണ്ടായി. അനേകം ഗ്രൂപ്പുകളായി പിരിഞ്ഞ നവീകരണ സഭകളും, കരിസ്മാറ്റിക് പ്രസ്ഥാനങ്ങളും, ന്യൂജനറേഷൻ സഭകളുമൊക്കെ ഇന്നും ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. മുകളിൽ പറഞ്ഞ എല്ലാ സാഹചര്യങ്ങൾ ഇപ്പോഴും സജീവമായി നിലനിൽക്കുന്നു. അതിനാൽ അധിനിവേശ സ്വഭാവമുള്ള സഭകളുടെ വിശ്വാസത്തോട് എതിരിട്ട്, വളർന്നുവരുന്ന തലമുറയിലെ അംഗങ്ങളെ സഭയുടെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താനുള്ള ദൗത്യം ഒരിക്കലും സൺഡേസ്കൂളിന് തള്ളിക്കളയാനാവില്ല. എന്നാൽ ഈ പോരാട്ടത്തിൽ ക്രൈസ്തവ സാക്ഷ്യം നഷ്ടപ്പെടുന്നുവെങ്കിൽ ആത്യന്തികമായി നമുക്കു നിലനിൽക്കുവാനും പ്രയാസമായിവരും. അതിനാൽ സത്യവിശ്വാസത്തെ നിലനിർത്താൻ യുക്തിപരമായ വാക്കുകൾക്കുപകരം, ക്രിസ്തുവിൽ വേരൂന്നിയ പുതിയജീവന്റെ ഒരു സംസ്കാരം നമ്മുടെ വളരുന്ന തലമുറയിൽ രൂപപ്പെടണം. ഓർത്തഡോക്സ് ആത്മീയത എപ്പോഴും ലക്ഷ്യം വെക്കുന്നത് മനുഷ്യനിലുള്ള പാപസ്വഭാവത്തെ സംസ്ക്കരിച്ച് ദൈവസ്വഭാവത്തിലേക്കു രൂപാന്തരപ്പെടുത്തുകയാണല്ലോ. ആ പ്രക്രീയയിൽ നമ്മെ ഏറെ സഹായിക്കുന്ന ഒന്നായി സഭയുടെ പൈതൃകത്തേയും, കൂദാശകളേയും പ്രാർത്ഥനകളേയും, നോമ്പ്, ഉപവാസം, തുടങ്ങിയ അനുഷ്ഠാനങ്ങളെയും, പഠിപ്പിച്ചുകൊടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. സഹോദരനെ കരുതുന്ന ജീവിതം അത്തരം ആത്മീയതയുടെ കേന്ദ്രബിന്ദുവാണെന്നും തലമുറ മനസ്സിലാക്കണം. ചുരുക്കത്തിൽ ഓർത്തഡോക്സ് വിശ്വാസത്തെ താങ്ങിനിർത്തുന്നത് നിർമ്മലവും, വിശുദ്ധവുമായ ജീവിതത്തിൽ കൂടെയാകണമെന്നുള്ള സന്ദേശമാണ് സൺഡേസ്കൂളുകളിൽ കൂടി വളരുന്ന തലമുറയ്ക്ക് ലഭിക്കേണ്ടത്. അതുതന്നെയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാനമായ താത്വികാടിസ്ഥാനമെന്നു ചിന്തിക്കുന്നു. ●

**Our Alumni**



# നിയോഗങ്ങളുടെ കയ്യൊപ്പുകൾ

ഡോ. സൂസൻ ജോർജ്

**ഭൂ**മിയിൽ പിറക്കുന്ന ഓരോ കുഞ്ഞിനെപ്പറ്റിയും സ്രഷ്ടാവായ ദൈവത്തിന് വ്യക്തമായ പദ്ധതികൾ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതിലുൾപ്പെട്ടതാവാം, മലങ്കരസഭയിലെ സൺഡേസ്കൂളിന്റെ ആദ്യത്തെ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ (1993) ഒന്നാംറാങ്ക് നേടുക എന്ന എന്റെ നിയോഗം.

ട്രെയിനിംഗ് പ്രോഗ്രാമുകളും പ്രസംഗങ്ങളും ഒക്കെ കഴിഞ്ഞ് സംഘാടകരുമായി സംസാരിക്കുമ്പോൾ പലപ്പോഴും കേട്ടിട്ടുള്ള ഒരു ചോദ്യമുണ്ട്, “എവിടെയായിരുന്നു സ്കൂൾ വിദ്യാഭ്യാസം, ഏത് സ്കൂളിലാണ് പഠിച്ചത്?” സ്കൂളിന്റെ പേര് പറയുമ്പോൾ മനസ്സിൽ പറയുന്ന ഒരു വാചകമുണ്ട് – ‘ഞാൻ പഠിച്ചത് സൺഡേസ്കൂളിലാണ്.’ അതു തന്നെയാണ് യാഥാർത്ഥ്യം. ഞാനിന്നെന്തായിരിക്കുന്നോ, അതിന്റെയെല്ലാം അടിസ്ഥാനം സൺഡേസ്കൂൾ ക്ലാസ്സുകളിൽനിന്ന് ഞാൻ പഠിച്ച മൂല്യങ്ങളും വിശ്വാസങ്ങളും സത്യങ്ങളുമാണ്. എന്റെ കർമ്മമേഖലകൾക്കുവേണ്ട കഴിവുകൾ ആർജ്ജിക്കാൻ പുനലൂർ, വാളക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ ആത്മീയ പ്രസ്ഥാനങ്ങൾ വളരെയധികം സഹായിച്ചു.

സന്ധ്യകളിൽ വേദപുസ്തകം സ്ഫുടമായി വായിക്കുക, ഓരോ ദിവസത്തെയും ദിനപ്പത്രം അപ്പച്ചനെ ഉറക്കെ വായിച്ചു കേൾപ്പിക്കുക എന്നതൊക്കെ വീട്ടിലെ ഇളയ മകളായ എനിക്ക് മാതാപിതാക്കൾ നൽകിയ പരിശീലനങ്ങൾ, അക്ഷരങ്ങൾ ചേർത്തുവായിക്കാൻ തുടങ്ങിയപ്പോൾതന്നെ വായനയുടെ ലോകത്തേക്ക് നയിച്ചത് മുതിർന്ന സഹോദരങ്ങൾ, ബൈബിൾ കഥകൾ പറഞ്ഞുതരാനും അഭിനയിച്ച് കാണിക്കാനും ധാരാളം സ്നേഹം തരാനും അവരെല്ലാം എനിക്ക് ചുറ്റുമുണ്ടായിരുന്നു. അയൽബന്ധങ്ങൾ ഇന്നത്തെക്കാൾ ദൃഢമായിരുന്ന അക്കാലത്ത് എന്റെ കഥകളും പാട്ടുകളുമൊക്കെ കേൾക്കാനും പ്രോത്സാഹിപ്പിക്കാനും അയൽക്കാർ നല്ല ആസ്വാദകരായി. യിസ്രായേൽ മക്കളുടെ വിമോചകനായ മോശയെ ഫറവോന്റെ രാജധാനിയിൽ വളർത്തി പരിശീലിപ്പിച്ച ദൈവം എന്റെ കർമ്മപഥങ്ങൾക്കായി എന്നെയും ഒരുക്കുകയായിരുന്നു.

കാരണംകൂടാതെ ഒന്നും മനുഷ്യജീവിതത്തിൽ സംഭവിക്കുന്നില്ല. നാം പരിചയപ്പെടുന്ന വ്യക്തികളും കടന്നുപോകുന്ന അനുഭവങ്ങളുമെല്ലാം വ്യക്തമായ ഒരു പദ്ധതിയുടെ ഭാഗങ്ങളാണ്. നാം അതിനെ എങ്ങനെ ഉൾക്കൊള്ളുന്നു, അതിനോട് എങ്ങനെ പ്രതികരിക്കുന്നു. എന്റെ ജീവിതത്തിൽ അങ്ങനെ നിമിത്തമായ ഒരു പുരോഹിതനായിരുന്നു ഫാ. ജെ. വർഗീസ്, കായംകുളം. പള്ളി പണി പൂർത്തിയാക്കാൻ തിരുമേനി അയച്ച ആ യുവവൈദികൻ പള്ളി മാത്രമല്ല പണിതത്, പിന്നെയോ ശക്തമായ ആത്മീയ അടിത്തറയുള്ള യുവജനങ്ങളെയും സജ്ജമാക്കി. അവരെ കൂട്ടിക്കൊണ്ട് നാട്ടിൽ ധാരാളം സാമൂഹ്യപ്രവർത്തനങ്ങൾ നടത്തി. വീടില്ലാത്തവർക്ക് വീടുകൾ പണിയാനും സാമ്പത്തിക ഞെരുക്കമുള്ള വീട്ടിലെ കുട്ടികൾക്ക് പഠനസഹായവും രോഗികൾക്ക് പരിചരണവും ചികിത്സയ്ക്കുള്ള സഹായങ്ങളും ഒക്കെ നൽകാൻ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലൂടെ സാധ്യമായി. കൗമാരക്കാരായ കുട്ടികളിൽ അറിവും ആത്മവിശ്വാസവും ധൈര്യവും പകർന്നു നൽകി. ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ അതിൽ മിടുക്കരാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇംഗ്ലീ

***Dr. Susan George***
***M.Sc., MHA, B. Ed., NET, Ph. D.***
*National Corporate Trainer, Motivational Speaker, Director, Reliable Software Company, Pandalam, Principal, St. John's Senior Secondary School, Thumpamon, Former Principal, St. Mary's Womens College, Thiruvalla, Former Project Manager, Kinder Hospital, Cherthala, Former Administrative Officer, Centuary Hospital, Chengannur*

ഷിൽ പ്രസംഗിക്കാനുള്ള ആത്മവിശ്വാസം എനിക്ക് നൽകിയത് അദ്ദേഹമാണ്. അന്ന് അദ്ദേഹം ഒരുക്കിയ യുവജനങ്ങൾ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിയിലും ആത്മീയ പ്രവർത്തനങ്ങളിലും ഒരുപോലെ ശോഭിക്കുന്നു. വിശക്കുന്നവർക്ക് ആഹാരമായും രോഗികൾക്ക് മരുന്നും വൈദ്യനുമായും വിദ്യാർത്ഥികൾക്ക് അദ്ധ്യാപകനായും അവഗണിക്കപ്പെട്ടവർക്ക് നല്ല ശമര്യാക്കാരനായും യുവജനങ്ങൾക്ക് പ്രചോദനം നൽകിയ വർഗീസച്ചന്റെ രൂപം ഇന്നും ഞങ്ങളുടെ മനസ്സിൽ ജ്വലിച്ചു നിൽക്കുന്നു.

വാളക്കോട് പള്ളിയിലെ സൺഡേസ്കൂളിൽ എല്ലാക്കാലത്തും അർപ്പണബോധവും കഴിവുമുള്ള അദ്ധ്യാപകരുണ്ടായിരുന്നു. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവർ. സഹപാഠ്യമത്സരങ്ങളുടെ ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ ഞങ്ങൾ സ്ഥിരം ജേതാക്കളായിരുന്നു. പ്രസംഗം, സംഘഗാനം, വേദവാക്യം, പൊതുവിജ്ഞാനം ഇവയൊക്കെയായിരുന്നു എന്റെ ഇഷ്ട ഇനങ്ങൾ. ആവേശത്തോടെ ഞങ്ങളെ പരിശീലിപ്പിക്കുകയും വിജയങ്ങളിൽ അഭിമാനിക്കുകയും ചെയ്തിരുന്ന അദ്ധ്യാപകരെ നന്ദിയോടെ സ്മരിക്കുന്നു. അതിൽ ഏറ്റവും ശോഭയോടെ നിൽക്കുന്ന മുഖം ശ്രീ. കെ.സി. കുര്യൻ സാറിന്റേതാണ്. എപ്പോഴും തൂവെള്ള വസ്ത്രത്തിൽ മാത്രം വരുന്ന സാർ ഞങ്ങളെ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു. കോട്ടയം വട്ടക്കുന്നേൽ കുടുംബാംഗമായ അദ്ദേഹം ദീർഘനാളത്തെ ജോലിക്കുശേഷം മദ്രാസിൽനിന്ന് വിരമിച്ച് ഞങ്ങളുടെ നാട്ടിൽ സ്ഥിരതാമസമാക്കിയത് ഞങ്ങളുടെ സൺഡേസ്കൂളിന്റെ ഭാഗ്യമായിരുന്നു.

വേദശാസ്ത്രത്തിലും സഭാചരിത്രത്തിലും അദ്ദേഹത്തിന്റെ അറിവ് ആഴമേറിയതായിരുന്നു. പാഠപുസ്തകത്തിനതീതമായി ധാരാളം അനുബന്ധ പുസ്തകങ്ങൾ അദ്ദേഹം പരിചയപ്പെടുത്തി തന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഭൂമിശാസ്ത്രവും സഭാചരിത്രവുമൊക്കെ ഒരു സ്ക്രീനിൽ കാണുന്ന വ്യക്തതയോടെ വിവരിച്ചുതരും. വി. കൂദാശകൾ പഠിപ്പിക്കുമ്പോൾ അതിൽ പങ്കെടുക്കുന്ന അനുഭവം. ഇത്രയും ഗഹനമായ ക്ലാസ്സുകൾക്കിടയിലും സ്വതസിദ്ധമായ നർമ്മം കൂട്ടിനുണ്ടാവും. ദൈവശാസ്ത്രം ഇത്രയും തന്മയത്വത്തോടെ അവതരിപ്പിക്കാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കിയത് ആ ക്ലാസ്സുകളിലൂടെയാണ്. സാമൂഹ്യ വ്യവസ്ഥിതികളും സദാചാര സമ്പ്രദായങ്ങളും മനുഷ്യബന്ധങ്ങളുമൊക്കെ വേദപുസ്തകത്തിലെ വിവിധ സംഭവങ്ങളിലൂടെ വിവരിക്കുമ്പോൾ തെറ്റും ശരിയും തമ്മിൽ തിരിച്ചറിയാനും, തിരഞ്ഞെടുക്കാനുമുള്ള ആർജ്ജവത്വം ഞങ്ങൾ സ്വായത്തമാക്കി.

12–ാം ക്ലാസ്സിലെത്തിയപ്പോൾ ഉപരിപഠനത്തിനായി ആഗ്രയിലേക്ക് പോയി. സൺഡേസ്കൂൾ പഠനം അതോടെ കഴിയും എന്ന് എല്ലാവരും കരുതി. സെന്റ് ജോൺസ് കോളജിൽ എല്ലാ രണ്ടാഴ്ചകൾ കൂടുമ്പോഴും ബുക്ക് പോസ്റ്റ് എത്തും. പാഠസംഗ്രഹവും ചോദ്യങ്ങളും. അവയ്ക്കുള്ള ഉത്തരം തയ്യാറാക്കി തിരിച്ചയയ്ക്കണം. കുര്യൻ സാർ അവ നോക്കി ഫോൺ ചെയ്ത് തിരുത്തലുകൾ പറഞ്ഞുതരും. അങ്ങനെ 12–ാം ക്ലാസ്സ് ഒരു തരത്തിൽ വിദൂര വിദ്യാഭ്യാസമായിരുന്നു. അന്ന് ആഗ്രയിൽ നമുക്ക് സ്വന്തം പള്ളിയില്ല. കത്തോലിക്കാ പള്ളിയുടെ ആരാധനയ്ക്കുശേഷം നമ്മുടെ വി. കുർബ്ബാന. ഗായകസംഘം ഉണ്ട്. പക്ഷെ സൺഡേസ്കൂൾ ഇല്ല. മലയാളം വായിക്കാനറിയാത്ത അറുപതോളം കുട്ടികളും. ഇംഗ്ലീഷ് പുസ്തകങ്ങൾ തേടിയിട്ട് കിട്ടാനില്ല. അവസാനം ഇംഗ്ലീഷിൽ കുറെ പാഠങ്ങളും പാട്ടുകളും എഴുതി തയ്യാറാക്കി, ഫോട്ടോകോപ്പി ചെയ്ത് പുസ്തകമാക്കി. കുഞ്ഞുങ്ങളെ മൂന്ന് വിഭാഗങ്ങളായി പഠിപ്പിക്കാൻ തുടങ്ങി. പരീക്ഷയും വാർഷികവും ഒക്കെ നടത്തി. ആഗ്രയിലെ പഠനം കഴിഞ്ഞ് തിരികെ പോരുമ്പോഴേയ്ക്ക് അവിടെ സൺഡേസ്കൂൾ ശക്തമായി. പുതിയ അദ്ധ്യാപകരെത്തി. അദ്ധ്യാപനത്തിൽ ഏറ്റവും സംതൃപ്തി തന്നത് ആഗ്രാ സൺഡേസ്കൂൾ തന്നെ.

12–ാം ക്ലാസ്സ് പരീക്ഷയെഴുതാൻ കോളജിൽ അവധിക്ക് അപേക്ഷിച്ചപ്പോൾ സഹപാഠികൾക്ക് സംശയം – ഇത്രയും ദൂരം യാത്ര ചെയ്ത് പരീക്ഷ എഴുതിയിട്ട് വരാൻ, ഇതെന്തുതരം പരീക്ഷയാണ്? പരീക്ഷയെഴുതി പിറ്റേന്നുതന്നെ ആഗ്രായ്ക്ക് തിരിച്ചുപോയി. റിസൽട്ട് വന്നപ്പോൾ എന്റെ മാതാപിതാക്കളെക്കാൾ സന്തോഷിച്ചതും ആഘോഷിച്ചതും കുര്യൻസാർ ആയിരുന്നു. ദേവലോകത്ത് വച്ചു നടന്ന സമ്മാനദാനത്തിലും അദ്ദേഹമെത്തി. സഭയ്ക്കുവേണ്ടി കണ്ണീരോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇത്തരം അദ്ധ്യാപകരാണ് സൺഡേസ്കൂളിന്റെ ശക്തി. അവർ സഭയ്ക്കും സമൂഹത്തിനും നൽകുന്ന സംഭാവന അമൂല്യമാണ്.

സൺഡേസ്കൂൾ പഠനത്തിന് ഞാൻ എന്നും പ്രാമുഖ്യം നൽകി, എന്റെ മാതാപിതാക്കളും. അത് എന്റെ ജീവിതത്തിൽ അനുഗ്രഹമായി മാറി.

സെക്യുലർ രംഗത്ത് എല്ലാ പരീക്ഷകളിലും ഉയർന്ന മാർക്കോടെ ജയിക്കാൻ ദൈവം സഹായിച്ചു. കോളജ് അദ്ധ്യാപിക, കോളജ് പ്രിൻസിപ്പൽ, പ്രൊജക്ട് മാനേജർ തുടങ്ങി വിവിധ നിലകളിൽ നന്നായി പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിവരുന്നു. സ്വന്തമായി ഒരു കമ്പനി തുടങ്ങാനും അതിലൂടെ കുറെ പേർക്ക് തൊഴിലവസരങ്ങളും സമൂഹത്തിന് പ്രയോജനപ്പെടുന്ന സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ചെടുക്കാനും ദൈവം എന്നെ ഉപയോഗിച്ചു. തുമ്പമൺ സെന്റ് ജോൺസ് സീനിയർ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചുവരുന്നു.

12-ാം ക്ലാസ്സിനുശേഷം ഇരുപതിൽപ്പരം വർഷങ്ങൾ വിവിധ സ്ഥലങ്ങളിലും പള്ളികളിലുമായി സൺഡേസ്കൂൾ പഠിപ്പിക്കാൻ കഴിഞ്ഞത് ഭാഗ്യമായി ഞാൻ കരുതുന്നു. മാറുന്ന കാലഘട്ടത്തിനനുസരിച്ച് നമ്മുടെ പുസ്തകങ്ങളിലും അദ്ധ്യാപന രീതികളിലും മാറ്റങ്ങൾ വേണ്ടതുണ്ട്. സമൂഹത്തിലേക്കിറങ്ങി പ്രവർത്തിക്കാനുള്ള പ്രചോദനം നൽകുന്ന രീതിയിൽ സൺഡേസ്കൂൾ ക്ലാസ്സുകളിൽ മാറ്റംവരുത്താൻ കഴിയും. അദ്ധ്യാപകരാവാൻ താത്പര്യമുള്ളവർക്ക് ഹ്രസ്വകാല പരിശീലനവും സർട്ടിഫിക്കറ്റും നൽകാവുന്നതാണ്. അതുപോലെ വിവിധ വിഷയങ്ങളെപ്പറ്റിയുള്ള പരിശീലനങ്ങളും അംഗീകാരങ്ങളും സൺഡേസ്കൂൾ അദ്ധ്യാപകരെ കൂടുതൽ കർമ്മോത്സുകരാക്കും. ●

---

# Question Bank

## Class XI Unit 5

1. വിവിധ മതരൂപങ്ങൾ ഏവ? അവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്ത്? (85)
2. സെമിറ്റിക് മതങ്ങൾ എന്നാൽ എന്ത്? മൂന്നു ഉദാഹരണങ്ങൾ പറയുക. ഈ പേരിന്റെ ഉത്ഭവം എങ്ങനെ (86)
3. പൗരസ്ത്യമതങ്ങൾ എന്നാൽ എന്ത്? അവ ഏവ? (86)
4. ചേരുംപടി ചേർക്കുക
   താവോമതം, ഷിന്റോമതം, പാഴ്സിമതം, ജൈനമതം
   (ഇന്ത്യ, ഇറാൻ, ജപ്പാൻ, ചൈന) (86)
5. യഹൂദമതജീവിതത്തിന്റെ കേന്ദ്രം ഏത്? (86)
6. ഇസ്ലാം എന്ന പദത്തിന് ............ എന്ന് സൂചനയുണ്ട് (87)
7. ഇസ്ലാം മതത്തിന്റെ രണ്ടുവിഭാഗങ്ങൾ ഏവ? (87)
8. ഇസ്ലാം മതപ്രസ്ഥാനത്തിന്റെ കേന്ദ്രബിന്ദു ഏത്? (87)
9. ഹജ്ജ് എന്നാൽ എന്ത്? (87)
10. പാഴ്സിമതത്തിന്റെ സ്ഥാപകൻ ആര്? (87)
11. 'സനാതനധർമ്മം' എന്നാൽ എന്ത്? (87)
12. ജൈനമതസ്ഥാപകൻ ആര്? (88)
13. ജൈനമതത്തിന്റെ വേദഗ്രന്ഥങ്ങൾ ഏവ?
14. ത്രിപീഠിക എന്നാൽ എന്ത്? (88)
15. സിക്കുമത സ്ഥാപകൻ ആര് (88)
16. സിക്കുമതത്തിന്റെ മതഗ്രന്ഥം ഏത്? (88)
17. താവോമതസ്ഥാപകൻ ആര്? (89)
18. താവോ എന്ന പദത്തിന്റെ സൂചന എന്ത്? (89)
19. ജപ്പാന്റെ ഔദ്യോഗികമതം ഏത്? (89)
20. ഷിന്റോ മതത്തിന്റെ ഗ്രന്ഥങ്ങൾ ഏവ? (89)
21. മതബഹുലതയിൽ സുവിശേഷം വിജയിക്കുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? (92)
22. ക്രിസ്തീയസഭയിലെ ആദ്യ വിഭജനം ഉണ്ടായത് എന്ന്? (91)
23. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നാൽ എന്ത്? അവ ഏവ? (92)
24. ചേരുംപടി ചേർക്കുക
    കോപ്റ്റിക് സഭ, അന്ത്യോഖ്യൻ സഭ, എത്യോപ്യൻ സഭ, അർമീനിയൻ സഭ, മലങ്കര സഭ
    (മാർത്തോമ്മാശ്ലീഹാ, ഗ്രിഗറി, വി. മർക്കോസ്, പത്രോസ് ശ്ലീഹാ, ആഡിസബാബ) (92)
25. ഫിലിയോക്കെ വിവാദം എന്നാൽ എന്ത്? (93)
26. ക്രൈസ്തവചരിത്രത്തിലെ മൂന്ന് സുപ്രധാന വിഭജനങ്ങൾ ഏവ? (94)
27. എക്യുമെനിക്കൽ എന്ന പദത്തിന്റെ അർത്ഥം എന്ത്? (96)
28. YMCA സ്ഥാപിതമായ വർഷം? (1844)
29. YWCA സ്ഥാപിതമായ വർഷം? (1854)
30. Baptist Missionary Society സ്ഥാപിതമായ വർഷം? (1792)
31. London Missionary Society സ്ഥാപിതമായ വർഷം? (1795)
32. വിശ്വാസവും സഭാക്രമവും എന്നത് എന്ത്? (Faith and Order) (97)
33. WCC രൂപംകൊണ്ട വർഷം? (1948)

34. WCC യുടെ ആസ്ഥാനം എവിടെ? (98)
35. WCC യുടെ പ്രവർത്തനങ്ങൾ എന്തെല്ലാം? (98)
36. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്യുക? (Essay)
37. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പങ്കാളിത്തം വിശദീകരിക്കുക (100, 101)

**യൂണിറ്റ് 6**

1. മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട സ്വത്ത് എന്ത്? (104)
2. മനുഷ്യാവകാശങ്ങൾ എന്നാൽ എന്ത്? (104)
3. 'മാഗ്നാകാർട്ടാ' എന്നാൽ എന്ത്? (105) (എ.ഡി. 1615)
4. മനുഷ്യാവകാശപ്രഖ്യാപനം എന്ന്, എവിടെ നടന്നു? (105)
5. അറ്റ്ലാന്റിക് ചാർട്ടർ രൂപംകൊണ്ടത് എന്ന് എവിടെവച്ച്? (107)
6. ഐക്യരാഷ്ട്രദിനം എന്ന്? (107)
7. മനുഷ്യാവകാശദിനം എന്ന്? (108)
8. സമൂഹത്തിന്റെ അടിസ്ഥാനഘടകം എന്ത്? (108)
9. ഭാവി കരുപിടിപ്പിക്കേണ്ടതിനുള്ള നാലു മൗലിക സ്വാതന്ത്ര്യങ്ങൾ ഏവ? (107)
10. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആര്? (ജനറൽ)
11. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആര്? (ജനറൽ)
12. ജീവന്റെ കാവൽക്കാരൻ ആര്? (111)
13. പ്രോലൈഫ് മൂവ്മെന്റ്സ് എന്നാൽ എന്ത്? (113)
14. ബാലവേല എന്നാൽ എന്ത്? (115)
15. 'ബാലനീതി നിയമം' എന്നാൽ എന്ത്? (116)

**യൂണിറ്റ് 7**

1. ഗാന്ധിജിയുടെ ജനന തീയതി ഏത്? (02-10-1869)
2. ഗാന്ധിജി മരിച്ച തീയതി? (30-01-1948)
3. ചേരുംപടി ചേർക്കുക
   ഗാന്ധിജി, ടോൾസ്റ്റോയി, ജോൺ റസ്കിൻ, പൗലോസ് മാർ ഗ്രിഗോറിയോസ്
   (Unto this last, The Kingdom is God within you, Religion and Dialogue, My experiments with truth)
4. ഗാന്ധിജിക്ക്............................ എന്നത് ആറാം ഇന്ദ്രിയംപോലെ ആയിരുന്നു (118)
5. ഗാന്ധിജിയുടെ ചിന്താപദ്ധതിയുടെ അടിസ്ഥാനം ..................... ആയിരുന്നു (118)
6. ഗാന്ധിജിയുടെ ചിന്തയിൽ അഹിംസ എന്നാൽ എന്തായിരുന്നു? (119)
7. 'നാം പലരാണ്, എന്നാൽ നമ്മളെല്ലാവരും ഒന്നാണ്' ഇത് പറഞ്ഞതാര്? (119)
8. 'സർവ്വോദയ' എന്ന ആശയം വിശദമാക്കുക. (119)
9. 'ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് മനുഷ്യന് ഒരു നിമിഷംപോലും പ്രാർത്ഥനയില്ലാതെ നിലനില്ക്കുവാൻ സാധ്യമല്ല' ഇതു പറഞ്ഞതാര്? (120)
10. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നുപറഞ്ഞത് ആര്? (120)
11. ലോകത്തിന്റെ ക്ഷേമത്തിനുവേണ്ടി ഗാന്ധിജി ശുപാർശ ചെയ്തത് എന്ത്? (119)
12. മതമൗലികവാദം എന്നാൽ എന്ത്? (121)
13. മതങ്ങൾക്കുവേണ്ടി പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി നല്കിയ 'പഞ്ചശീൽ' എന്തൊക്കെയായിരുന്നു? (124)
14. ഫെമിനിസം എന്നാൽ എന്ത്? (12)
15. മുതലാളിത്തവും സോഷ്യലിസവും രണ്ടോ മൂന്നോ വാക്യത്തിൽ താരതമ്യപ്പെടുത്തുക. (129)
16. സമ്പത്തിന്റെ വേദശാസ്ത്രം വ്യക്തമാക്കുക (131)
17. 'ദളിത്' എന്നാൽ എന്ത്? (126)
18. ദളിതരുടെ അടിച്ചമർത്തലിന് നിയമസാധുത്വം നല്കിയ കൃതി (126)


●

## വായനക്കാരുടെ കത്തുകൾ

1. "ആത്മീയജീവിതം കെട്ടിപ്പടുക്കുവാൻ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസക്തി" എന്ന വിഷയത്തെക്കുറിച്ച് കനകപ്പലം സെന്റ് ജോർജ് സൺഡേസ്കൂൾ അദ്ധ്യാപകൻ **ശ്രീ. റെജി തോമസ്** അയച്ചുതന്ന ശ്രദ്ധേയമായ ഒരു ലേഖനം ലഭിച്ചിട്ടുണ്ട്.
2. "എന്റെ സൺഡേസ്കൂൾ ജീവിതം" എന്ന തലക്കെട്ടിൽ പ്രക്കാനം നസറത്ത് കോൺവെന്റ് **സിസ്റ്റർ ഹെലൻ** (CLG) അയച്ചുതന്ന കത്തിൽ സൺഡേസ്കൂൾ അദ്ധ്യാപികയായും ഹെഡ്മിസ്ട്രസ്സായും സ്തുത്യർഹമായ 50 വർഷം പൂർത്തിയാക്കിയതിലുള്ള സന്തോഷം പങ്കുവച്ചിട്ടുണ്ട്. അഭിനന്ദനങ്ങൾ.
3. ദാനിയേലിന്റെ പുസ്തകം പൗരസ്ത്യ സഭ പ്രവാചക ഗണത്തിൽപ്പെടുത്തുമ്പോൾ പ്രൊട്ടസ്റ്റന്റ് സഭ ഇതിനെ എഴുത്തുകളിലൊന്നായി കാണുന്നു. **കെ. സി. ജോർജ്,** അദ്ധ്യാപകൻ, SS തുമ്പമൺ നോർത്ത്.
   (ഉത്തരം പേജ് 15)

(ഇവ സ്ഥലപരിമിതി നിമിത്തം പൂർണ്ണമായി പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.

# സൺഡേസ്കൂൾ അദ്ധ്യാപകർ സ്വയപരിശോധന നടത്തുക



**എം. വി. വറുഗീസ്, മുണ്ടശ്ശേരി (Late )**

1972-ൽ 'ദ സൺഡേസ്കൂളി'ന്റെ ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച എം. വി. വർഗീസ് സാറിന്റെ അധ്യാപകരോടുള്ള ചോദ്യോത്തരങ്ങൾ അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പുനഃപ്രസിദ്ധീകരിക്കുന്നു.

*മാന്ദാമംഗലം സെന്റ് മേരീസ് സൺഡേസ്കൂളിൽ ദീർഘകാലം ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. വർഗീസ് മുണ്ടശ്ശേരി MJSSA കേന്ദ്ര കമ്മറ്റിയംഗമായും മണ്ണുത്തി ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറായും തൃശ്ശൂർ ഭദ്രാസന ഡയറക്ടറായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു. ഒരു മാതൃകാ സൺഡേസ്കൂൾ അധ്യാപകനായും സുവിശേഷപ്രവർത്തകനായും തൃശ്ശൂർ ഭദ്രാസനത്തിൽ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു ഇദ്ദേഹം. (നിര്യാണം 12-12-2017)*

അല്പസമയം നിങ്ങൾ ദൈവസന്നിധിയിൽ പ്രാർത്ഥനയിൽ ചിലവഴിച്ചശേഷം താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരത്തിൽ അനുഭവം രേഖപ്പെടുത്തുക. അതിനുശേഷം ഒടുവിൽ പറഞ്ഞിരിക്കുന്നവിധം കണക്കുകൂട്ടി സ്വന്തനില കാണുക, പോരായ്മകൾ നികത്തുവാൻ ഇതു സഹായകരമാകും.

| ചോദ്യങ്ങൾ | ഉണ്ട് | ഇല്ല |
|---|---|---|
| 1. സൺഡേസ്കൂൾ പ്രവർത്തനം വളരെ ഉത്തരവാദിത്തം ഉള്ളതും അത്യാവശ്യവുമായ പ്രവർത്തനം ആയും കരുതുന്നുണ്ടോ? | ☐ | ☐ |
| 2. പ്രവർത്തനത്തിൽ മുഖ്യമായ സ്ഥാനം സൺഡേസ്കൂൾ പ്രവർത്തനത്തിന് കൊടുത്തിട്ടുണ്ടോ? | ☐ | ☐ |
| 3. വി. കുർബ്ബാന, കുടുംബപ്രാർത്ഥന, തിരുവചനധ്യാനം, സൺഡേസ്കൂൾ ഇവകളിൽ ക്രമമായി സംബന്ധിക്കുന്നുണ്ടോ? | ☐ | ☐ |
| 4. ഇവകളിൽ ഏതെങ്കിലും കാര്യങ്ങളിൽ സംബന്ധിക്കുവാൻ സാധിക്കാതെവന്നാൽ തപിക്കുന്ന ഹൃദയം നിങ്ങൾക്ക് ഉണ്ടോ? | ☐ | ☐ |
| 5. ഞായറാഴ്ച ദിവസം വിശുദ്ധ ആരാധനയ്ക്കുശേഷം ആത്മീയ പ്രവർത്തനത്തിനും മാത്രമാണ് ചിലവാക്കുന്നത് എന്ന് പറയാമോ? | ☐ | ☐ |
| 6. നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കുവേണ്ടി ദിവസവും പ്രാർത്ഥിക്കുന്ന പതിവുണ്ടോ? | ☐ | ☐ |
| 7. പഠിപ്പിക്കുവാനുള്ള പാഠം ശരിയായി പഠിച്ചിട്ടാണോ ക്ലാസ്സിൽ പോകുന്നത്? | ☐ | ☐ |
| 8. നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികളുമായും മറ്റുള്ളവരുടെ മുൻപാകെ വിശ്വാസികൾക്ക് മാതൃകയായിട്ടാണോ പ്രവർത്തിക്കുന്നത്? | ☐ | ☐ |
| 9. നഷ്ടം സഹിക്കേണ്ടി വന്നാലും സത്യത്തിൽനിന്ന് ഒട്ടും വ്യതിചലിക്കാത്ത അനുഭവമാണോ നിങ്ങൾക്കുള്ളത്? | ☐ | ☐ |
| 10. കുടുംബത്തിലും പുറത്തും മാനസാന്തരമാവശ്യമുള്ളവരെ ഓർത്ത് ദുഃഖിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവ് നിങ്ങൾക്ക് ഉണ്ടോ? | ☐ | ☐ |
| 11. ക്രിസ്തീയ ജീവിതത്തിൽ തെറ്റുചെയ്യുകയോ വീഴ്ച സംഭവിക്കുകയോ ചെയ്താൽ (ബലഹീനത) എന്ന ലഘുവായ നാമം കല്പിക്കാതെ പാപമാണെന്നു സമ്മതിച്ചു ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്ന അനുഭവമാണോ നിങ്ങൾക്കുള്ളത്? | ☐ | ☐ |
| 12. സന്ദർഭം ലഭിക്കുമ്പോൾ ഒക്കെയും യേശുക്രിസ്തുവിനെ സാക്ഷിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ? | ☐ | ☐ |
| 13. മാതാപിതാക്കന്മാരെയും സഭാപിതാക്കന്മാരെയും ഗുരുക്കന്മാരെയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവനാണ് ഞാൻ എന്ന് പറയാമോ? | ☐ | ☐ |

14. ജഡികമായ വികാരങ്ങൾ ഇളക്കിവിടുന്നതായ കാഴ്ച കാണുകയോ കൃതികൾ വായിക്കുകയോ ചെയ്യുമ്പോൾ അവയിൽനിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുന്നുണ്ടോ? ☐ ☐
15. മറ്റുള്ളവർക്ക് നന്മ വരുന്ന എല്ലാ കാര്യങ്ങളിലും സന്തോഷമാണോ നിങ്ങൾക്കുള്ളത്? ☐ ☐
16. വേദപുസ്തകം നിങ്ങൾക്ക് ലൗകികവും ആത്മികവുമായ കാര്യങ്ങൾക്ക് സ്വാധീനം ചെലുത്തുന്ന ഒരു പുസ്തകമാണോ? ☐ ☐
17. നിങ്ങൾ ഇടപെടുന്ന പ്രവർത്തനങ്ങളിൽ സഹപ്രവർത്തകരുമായി ആലോചിച്ച് അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്ത് ഐക്യതയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നുണ്ടോ? ☐ ☐
18. നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും സ്വയപ്രശംസയും നിഗളവും കൂടാതെ താഴ്മയിലും ദൈവകൃപയിലുമാണ് ചെയ്യുന്നത് എന്ന് പറയാമോ? ☐ ☐
19. ദൈവമക്കൾക്ക് യോഗ്യമല്ലാത്ത സകല രംഗങ്ങളിൽനിന്ന് വേർപെട്ടു ജീവിക്കുവാൻ ശ്രമിക്കുന്നതിൽ വിജയിക്കുന്നുണ്ടോ? ☐ ☐
20. ഞാൻ ദൈവവാഗ്ദത്തങ്ങളിൽ ഉറപ്പുള്ളവനും നിത്യജീവിതത്തിലുള്ള പ്രത്യാശയും വിശ്വാസവും ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സ്വാധീനിക്കുന്നു എന്നു പറയാമോ? ☐ ☐

മുകളിൽ കാണുന്ന ചോദ്യങ്ങൾക്ക് സ്വന്തം അനുഭവം അടയാളപ്പെടുത്തി ഗുണകരമായ ഉത്തരത്തിന് 5 മാർക്ക് വീതം കൊടുത്ത് ആകെ മാർക്ക് കാണുക. 70–ന് മുകളിൽ മാർക്ക് എങ്കിൽ നിങ്ങളുടെ പ്രവർത്തനം വളരെ തൃപ്തികരമാണ്. 60–നും 70–നും ഇടയ്ക്കാണെങ്കിൽ സാമാന്യം തൃപ്തികരമാണ്. 50–നും 60–നും ഇടയ്ക്കാണെങ്കിൽ അത്ര തൃപ്തികരമല്ല. 50–നും 40–നും ഇടയ്ക്കാണെങ്കിൽ പ്രവർത്തനം പരാജയമാണ്. 40–ന് താഴെ മാർക്ക് വരുന്നതെങ്കിൽ അദ്ധ്യാപകനായിരിപ്പാൻ യോഗ്യതയില്ല. ഏതു നിലയിൽ ആയാലും ആർക്കും സ്വയം തൃപ്തിപ്പെട്ടിരിക്കുവാൻ അവകാശം ഇല്ല. ദൈവകൃപയ്ക്ക് അധീനരായി പ്രാർത്ഥനയോടും സമർപ്പണത്തോടും ഉത്സാഹത്തോടുംകൂടി പ്രവർത്തനം തുടരാം. ഈ പരീക്ഷണം എന്നിൽ നടത്തിയതിൽ 60 മാർക്ക് മാത്രമാണ് ലഭിച്ചത് എന്നു പറയുവാൻ താല്പര്യപ്പെടുന്നു, കൂടുതൽ പുരോഗമിക്കുവാൻ ശ്രമിക്കുന്നു, അതിന് ദൈവം ഇടയാക്കും എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ പരീക്ഷണത്തിൽ എല്ലാ സഹപ്രവർത്തകരും പങ്കുചേരുകയും പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യും എന്നു പ്രതീക്ഷിക്കുന്നു. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ലാ എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊരി. 15:58). ●

## സൺഡേസ്കൂൾ വാർത്തകൾ

1. 10, 11, 12 ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷയും 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ മത്സരപ്പരീക്ഷയും ഡിസംബർ 29–ാം തീയതി ശനിയാഴ്ച 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കുന്നതാണ്. 10–ാം ക്ലാസ്സിനും, 12–ാം ക്ലാസ് പ്രൈവറ്റായി എഴുതുന്നവർക്കും 3 മണിക്കൂർ ആയിരിക്കും പരീക്ഷയുടെ ദൈർഘ്യം.
2. ദനഹാപെരുന്നാൾ ദിവസമായ ജനുവരി 6–ാം തീയതിയാണ് ഈ വർഷത്തെ പുതുവത്സര ക്ലാസ്സുകൾ ആരംഭിക്കുന്നത്.
3. പ്രതിഭാമത്സരങ്ങൾ 2019 ജനുവരി 12–ാം തീയതി ശനിയാഴ്ച 10 മണിക്ക് ദേവലോകം OSSAE കേന്ദ്ര ഓഫീസിൽവച്ച് നടക്കുന്നതാണ്. എൻട്രിഫോം നല്കിയിട്ടുള്ളവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
4. OSSAE വാർഷിക പൊതുയോഗം 2018 സെപ്റ്റംബർ 20–ാം തീയതി ദേവലോകം കാതോലിക്കേറ്റ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രസിഡന്റ് അഭി. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. മുൻ ഡയറക്ടർ ജനറൽ ബഹു. ഫാ. ഡോ. റജി മാത്യു മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ജനറൽ സ്ഥാനത്തുനിന്നും വിരമിച്ച ബഹു. റജി മാത്യു അച്ചനെയും, പരീക്ഷാ കൺട്രോളർ സ്ഥാനത്തുനിന്നും വിരമിച്ച ബഹു. കെ.വി. ഏലിയാസച്ചനെയും മൊമെന്റോ നൽകി ആദരിച്ചു.

## കഴിഞ്ഞ ലക്കം മൂന്നാം കവർപേജിലെ ? ഈ ചിഹ്നം സൂചിപ്പിക്കുന്ന ചിത്രത്തിന്റെ ഉത്തരം

From Left to Right (3 & 4 in Back Row) :

1. HDB Pope Theodoros II (Patriarch), Greek Orthodox Church of Alexandria.
2. HH Aram I Keshishian (Catholicos), Armenian Apostolic Church - Holy See of Cilicia.
3. HH Mar Ignatius Aphrem II (Patriarch), Syriac Orthodox Church of Antioch.
4. HH Pope Tawadros II (Patriarch), Coptic Orthodox Church of Alexandria.
5. HH Pope Francis, Roman Catholic Church
6. HAH Bartholomew I (Ecumenical Patriarch), Orthodox Church of Constantinople

HH Mar Gewargis III Sliwa (Catholicos - Patriarch), Assyrian Church of the East was also present, but not seen in the photo.

HH Karekin II Nersessian (Supreme Patriarch & Catholicos), Armenian Apostolic Church - Mother See of Holy Etchmiadzin was not present in the get-together.

നവംബർ 30 വരെ ആകെ 21 പേർ ഉത്തരങ്ങൾ അയച്ചു തന്നു. എല്ലാ ഉത്തരങ്ങളും ശരിയാക്കിയ 13 പേരുണ്ട്. അഞ്ച് ഉത്തരങ്ങൾ ശരിയാക്കിയത് ഏഴു പേരാണ്; ഒരാൾ നാല് ഉത്തരങ്ങൾ ശരിയാക്കി. രണ്ടാമതു കാണുന്ന സഭാതലവന് Aram I എന്നതിനു പകരം Karekin II എന്നും Mar Gewargis III Sliwa എന്നും ഉത്തരം നൽകിയതു കൊണ്ടാണ് ചിലർക്ക് തെറ്റു പറ്റിയത്.

**എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു**

1. George Joseph Enchakkattil (St George OC, Palarivattom)
2. Anu Shaji (Headmistress, Thumpamon Bethany St Mary's OC, Chenneerkkara)
3. KC George (Headmaster, St Mary’s SS, Kadeesa Church, Thumpamon North)
4. Bincy Baby C (MGM SS, Chowannur)
5. Dr Vinod John (Former Secretary, Bala Samajam, Thiruvananthapuram Diocese)
6. Dr Ajesh T Philip (Asst Prof., Marthoma College, Chunkathara)
7. Annie Saji ( Thane, Maharashtra)
8. M Thomas Yacob (Class 12, St Thomas SS, Vadakkanmannoor)
9. Ben Varghese Cherian (Class 12, St Thomas SS, Nattassery)
10. Irene Anna Verghis (Class 12, St Thomas SS, Nattassery)
11. Sophy Anna Kurian (Class 10, MGM SS, Thottappuzha)
12. Sharon Abraham (Class 11, Mar Gregorios OC, Eloor)
13. Nieve Mariam Robert (Class 8, St George SS, Palarivattom)




**ചിത്രത്തെ പറ്റി**

ഇറ്റലിയിലെ തുറമുഖ നഗരമായ ബാരിയിലെ സെന്റ് നിക്കോളാസ് പൊന്തിഫിക്കൽ ബസിലിക്കായിൽ 2018 ജൂലൈ ഏഴിനു നടന്ന പ്രാർത്ഥനാ സംഗമത്തിൽ സംബന്ധിക്കാനെത്തിയ മദ്ധ്യപൂർവദേശത്തെ സഭാതലവന്മാർ മാർപാപ്പായോടൊപ്പം ഒരു ബസിൽ ഇരിക്കുന്ന ചിത്രമാണിത്. ക്രൈസ്തവലോകത്ത് ‘പോപ്പ്’ എന്നറിയപ്പെടുന്ന മൂന്നു സഭാതലവന്മാരും ഒരുമിച്ചു കൂടിയ അപൂർവ സന്ദർഭം.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം മദ്ധ്യപൂർവദേശത്തെ ക്രൈസ്തവരുടെ സംഖ്യ 20 ശതമാനത്തിൽ നിന്നു 4 ശതമാനമായി കുറഞ്ഞു. സിറിയായിൽ 2011ൽ ആരംഭിച്ച ആഭ്യന്തരയുദ്ധത്തിൽ മൂന്നര ലക്ഷത്തിലേറെ പേർ കൊല്ലപ്പെട്ടു; ദശലക്ഷക്കണക്കിനാളുകൾ പലായനം ചെയ്തു.

വിവിധ സഭകളുടെ തലവന്മാരും പ്രതിനിധികളും മേഖലയിലെ ന്യൂനപക്ഷ പീഡനത്തിൽ വധിപ്പെട്ടവരെ അനുസ്മരിക്കുകയും സമാധാനത്തിനും അനുരഞ്ജനത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പശ്ചിമേഷ്യൻ ക്രൈസ്തവരുടെ കണ്ണീരൊപ്പാൻ ഒരുമിച്ചു നീങ്ങുന്നതിന് സമ്മേളനം ആഹ്വാനം ചെയ്തു.

ഈ ചിത്രം ആദ്യ നോട്ടത്തിൽ കണ്ട ഒരു സൺഡേസ്കൂൾ അദ്ധ്യാപകൻ നമ്മുടെ സഭയുടെ തലവനായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയില്ലാതെ മറ്റു സഭാ തലവന്മാരുടെ ചിത്രം ഇട്ടതിനെ അതികഠിനമായി വിമർശിച്ചു. ആ അദ്ധ്യാപകന്റെ സഭാസ്നേഹത്തെയും സൂക്ഷ്മനിരീക്ഷണത്തെയും അഭിനന്ദിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ വിശദീകരണം അദ്ദേഹത്തിനു തൃപ്തികരം എന്നു വിശ്വസിക്കുന്നു.

ഇതുപോലെയുള്ള ആത്മാർത്ഥമായ വിമർശനങ്ങളും നിർദേശങ്ങളും സ്വാഗതാർഹമാണ്. അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചു തന്ന മറ്റുള്ളവർക്കും നന്ദി. വിജയികൾക്കുള്ള കാഷ് പ്രൈസ് നൽകുന്ന കാര്യം പിന്നാലെ അറിയിക്കുന്നതാണ്.

# പിന്നാമ്പുറം

*"ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് മനുഷ്യന് ഒരു നിമിഷംപോലും പ്രാർത്ഥനയില്ലാതെ നില നിൽക്കുവാൻ സാധ്യമല്ല" എന്ന് ഗാന്ധിജി പഠിപ്പിച്ചു.*

*"പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമെന്ന്" പരിശുദ്ധനായ പരുമല തിരുമേനിയുടെ വചനങ്ങൾ.*

*ഈ അടുത്ത സമയത്ത് 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് അഭിവന്ദ്യനായ ഒരു തിരുമേനി ക്ലാസ്സെടുത്തുകൊണ്ടിരുന്നപ്പോൾ രണ്ടുനേരവും പ്രാർത്ഥിക്കുന്ന കുട്ടികൾ കൈപൊക്കുവാൻ ആവശ്യപ്പെട്ടു. 70 കുട്ടികളുള്ള ആ ക്ലാസ്സിൽ 8 പേരുടെ കൈകൾ മാത്രമാണ് ഉയർന്നത്.*

*ആരാണ് ഇതിന് ഉത്തരവാദികൾ? അദ്ധ്യാപകരോ? മാതാപിതാക്കളോ? പട്ടക്കാരോ? സഭയോ? ഉത്തരം നാം തന്നെ കണ്ടെത്തിയേ മതിയാകൂ. പ്രാർത്ഥന എന്ന അടിസ്ഥാനം ഇല്ലാതെ എന്ത് അഭ്യസനമാണ് സൺഡേസ്കൂൾകൊണ്ട് നാം ഉദ്ദേശിക്കുന്നത്.*

*12-ാം ക്ലാസ്സിലെ ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുത്തവരിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് രണ്ടുനേരവും പ്രാർത്ഥിക്കുന്നവർ എന്ന കണക്ക് കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.*

*രാവിലെയും വൈകിട്ടുമെങ്കിലും പ്രാർത്ഥിക്കാത്ത വ്യക്തി 12-ാം ക്ലാസ്സ് പാസ്സായി സൺഡേസ്കൂൾ അദ്ധ്യാപകനായാലുള്ള അവസ്ഥ ചിന്തിച്ചുനോക്കുക. അദ്ധ്യാപകരെ നിയമിക്കുമ്പോൾ ഇനി മേൽ ഒരു ഇന്റർവ്യൂ നടത്തുന്നതു നല്ലതല്ലേ? ഒരേയൊരു ചോദ്യം മാത്രം. എല്ലാ ദിവസവും രാവിലെയും വൈകിട്ടും പ്രാർത്ഥിക്കുമോ? അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള ഭരണഘടനാഭേദഗതിയിൽ ഇതുകൂടി ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും.*

*2015-ൽ പുനഃപ്രസിദ്ധീകരണം ആരംഭിച്ച 'ദ സൺഡേസ്കൂൾ' മുടക്കം കൂടാതെ നാലാം വർഷം പൂർത്തിയാക്കിയതിൽ ദൈവത്തെ സ്തുതിക്കാം. കാലത്തിനൊത്ത് മാറ്റം ആവശ്യമാണ്. ഉള്ളടക്കത്തിലും, കെട്ടിലും മട്ടിലും മാത്രമല്ല ത്രൈമാസികയിൽനിന്നും ദ്വൈമാസിക എന്ന മാറ്റത്തെക്കുറിച്ച് എഡിറ്റോറിയൽ ബോർഡ് ചർച്ച ചെയ്ത് സെപ്റ്റംബർ 19-ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം ലഭിച്ചു.*

*ദ്വൈമാസികയുടെ ആദ്യലക്കം 2019 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ അദ്ധ്യാപകർക്കും ഒരു കോപ്പി ലഭിക്കണമെങ്കിൽ 12000 കോപ്പി പ്രസിദ്ധീകരിക്കണം. ഇതിന് അധികചെലവ് ഉണ്ടാകും. അതിനാൽ കൃത്യമായി വരിസംഖ്യ ലഭിക്കുവാൻ അതാത് ഭദ്രാസനങ്ങളിലെ അദ്ധ്യാപകരുടെ എണ്ണമനുസരിച്ച് ഭദ്രാസന ഡയറക്ടർമാർ വരിസംഖ്യ ഒന്നോ രണ്ടോ തവണകളായി അടയ്ക്കണമെന്നും ആ തുക സൺഡേസ്കൂളിൽനിന്നും അവർ ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ മുഖാന്തിരം ശേഖരിക്കേണ്ടതുമാണ്. 6 ലക്കങ്ങൾക്ക് 60 രൂപ വാർഷിക വരിസംഖ്യയാക്കാനും തീരുമാനിച്ചു. എല്ലാ ക്ലാസ്സിലേയും അദ്ധ്യാപകർക്ക് ഇതൊരു പഠനസഹായിയായും കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുവിജ്ഞാന പഠനത്തിനും ഉതകുന്ന തരത്തിലായിരിക്കും ഇതിന്റെ ഘടന.*

*ദ്വൈമാസികയാക്കുമ്പോഴുള്ള ജോലിഭാരം കണക്കിലെടുത്ത് എഡിറ്റോറിയൽ ബോർഡിലേക്ക് പരിചയ സമ്പന്നനും ജേർണലിസത്തിൽ പ്രാവീണ്യവുമുള്ള ജേക്കബ് കൊച്ചേരി സാറിനെ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. ഇദ്ദേഹം തിരുവല്ല MGMHSS പ്രിൻസിപ്പലായിരുന്നു. ഇപ്പോൾ സഭാമാനേജിംഗ് കമ്മറ്റി അംഗവുമാണ്.*

*ഏവരുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്തുകൊള്ളുന്നു.*

*സ്നേഹപൂർവ്വം,*

***ജോസഫ് അലക്സാണ്ടർ***
*എക്സിക്യൂട്ടീവ് എഡിറ്റർ*
*email: joseph.alexander@outlook.com*